TRICHUR ARCHDIOCESAN BULLETIN

നവംബർ 2026 | വാല്യം: 93 | ലക്കം: 11



From : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542



2026 നവംബർ 18 ന് മെത്രാഭിഷേകത്തിന്റെ
ഒമ്പതാം വാർഷികം ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്
തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

Trichur Archdiocesan Bulletin TAB

ESTD:1934

നവംബർ 2026

ലക്കം: 11 | വാല്യം: 93

11

Imprimatur
(Sd)
Mar Andrews Thazhath
Archbishop of Trichur

Chief Editor
Fr. Francis Aloor

Executive Editor
Fr. Shijo Chiriyankandath

Design
smritidesign.com

Printed at
St. Mary's Orphanage Press

Published from
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

ഉള്ളടക്കം

സർക്കുലർ	04
കച്ചേരിക്കാര്യം	06
അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ	10
സഹായമെത്രാന്റെ പരിപാടികൾ	12
നാളാഗമം	14
നാമകരണ നടപടികൾ	22
വൈദികർ	26
സന്യസ്തർ	28
സെമിനാരി വാർത്തകൾ	35
വിശ്വാസ പരിശീലനം	39
സ്ഥാപനങ്ങൾ	47
സംഘടനകൾ	54
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്	75



സർക്കുലർ

2412 / 2026
20/ 10 / 2026 C - 13

അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരങ്ങളേ,

നമ്മുടെ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചിട്ട് അമ്പത് വർഷങ്ങൾ പൂർത്തിയാവുകയാണ്. ദൈവത്തിനും ദൈവജനത്തിനും വേണ്ടി ജീവിതം സമർപ്പിച്ച അഭിവന്ദ്യപിതാവിന് സുവർണ്ണജൂബിലിയുടെ പ്രാർത്ഥനാശംസകൾ നിറമനസ്സോടെ നമുക്ക് നേരാം. അഭിവന്ദ്യ പിതാവിന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. അന്ത്രയോസ് ശ്ലീഹായുടെ തിരുനാൾ ദിനമായ നവംബർ 30 തിങ്കളാഴ്ചയാണ് അതിരൂപ താതലത്തിൽ ജൂബിലിയാഘോഷങ്ങൾ നടത്തുന്നത്. അന്നേദിവസം ഉച്ചകഴിഞ്ഞ് 2:30-ന് തൃശൂർ ലൂർദ്ദ് കത്തീഡ്രലിൽ കൃതജ്ഞതാ ബലിയർപ്പണവും തുടർന്ന് 4:30-ന് കത്തീഡ്രൽ സെന്റിനറി ഓഡിറ്റോറിയത്തിൽ അനുമോദനസമ്മേളനവും ഉണ്ടായിരിക്കും. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിനോടും മറ്റ് രൂപതകളിൽ നിന്നുള്ള അഭിവന്ദ്യപിതാക്കന്മാരോടും ചേർന്ന് കൃതജ്ഞതാ ബലിയർപ്പിക്കാനും അതേതുടർന്നുള്ള അനുമോദനസമ്മേളനത്തിൽ സംബന്ധിക്കാനും തൃശൂർ അതിരൂപതയിലെ എല്ലാ വൈദികരെയും സന്യസ്ത-അല്മായ പ്രതിനിധികളെയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ താല്പര്യം പരിഗണിച്ച് വളരെ ലളിതമായിട്ടാണ് ജൂബിലിയാഘോഷങ്ങൾ നാം സംഘടിപ്പിച്ചിട്ടുള്ളത്. അതിനാൽ താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം വിവിധതലങ്ങളിൽ നിന്നുള്ള പ്രതിനിധികളെയാണ് അതിരൂപതാതല ആഘോഷങ്ങൾക്കായി പ്രത്യേകം ക്ഷണിക്കുന്നത്.

- അതിരൂപതയിലെ വൈദികർ, വൈദികവിദ്യാർത്ഥികൾ
- സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയർമാർ
- എല്ലാ സന്യാസഭവനങ്ങളിൽ നിന്നും രണ്ട് പ്രതിനിധികൾ

- പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
- അതിരൂപതാതല ഭക്തസംഘടന ഏകോപനസമിതി അംഗങ്ങൾ

- ഓരോ ഇടവകയിൽ നിന്നുമുള്ള കൈക്കാരന്മാർ, പ്രതിനിധിയോഗം സെക്രട്ടറി, കുടുംബകൂട്ടായ്മ കേന്ദ്രസമിതിയംഗങ്ങൾ, ഭക്തസംഘടന ഏകോപനസമിതിയംഗങ്ങൾ, മൂന്ന് വിശ്വാസ പരിശീലന അധ്യാപകർ എന്നിവർ ഉൾപ്പെടുന്ന 25-ൽ കുറയാത്ത പ്രതിനിധികൾ.

1977 മാർച്ച് 14-ന് പുരോഹിതനായി അഭിഷിക്തനായ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ ആത്മീയശുശ്രൂഷകളുടെയും മറ്റ് സേവനങ്ങളുടെയും സൽഫലങ്ങൾ ഏറെ അനുഭവിച്ചിട്ടുള്ളവരാണ് നാം. വൈദികൻ, മെത്രാൻ, മെത്രാപ്പോലീത്ത എന്നീ കർമ്മവീഥികളിലൂടെയും വിവിധങ്ങളായ ഉത്തരവാദിത്വങ്ങളിലൂടെയും ദൈവം നയിച്ച അഭിവന്ദ്യ പിതാവിലൂടെ ദൈവജനം മുഴുവനും പ്രത്യേകിച്ച് തൃശ്ശൂരിലെ സഭാതനയരും സ്വീകരിച്ചിട്ടുള്ളത് അതുല്യങ്ങളായ നന്മകളാണ്. അഭിവന്ദ്യ പിതാവിനെ നമുക്ക് നൽകിയ നല്ല ദൈവത്തിന് നന്ദിയർപ്പിക്കാനും അദ്ദേഹത്തോടുള്ള നമ്മുടെ സ്നേഹാദരങ്ങളും കടപ്പാടും പ്രകടിപ്പിക്കാനും നമുക്ക് ലഭിച്ചിരിക്കുന്ന സുവർണ്ണാവസരമാണ് ഈ ജൂബിലി. നവംബർ 30-ാം തിയ്യതിലെ കൃതജ്ഞതാബലിയർപ്പണത്തിലും അനുമോദന സമ്മേളനത്തിലും ആദ്യന്തം സംബന്ധിച്ച് അഭിവന്ദ്യ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷം നമ്മുടെ അതിരൂപതയുടെ ചരിത്രത്തിലെ തിളക്കമുള്ള മറ്റൊരു ഓർമ്മയാക്കാം.

മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ഇടയശുശ്രൂഷയ്ക്ക് ഭരമേല്പിക്കപ്പെട്ട നമുക്കെല്ലാവർക്കും ഒന്നുചേർന്ന് അഭിവന്ദ്യ പിതാവിനെ ഈശോയുടെ തൃക്കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം. നവംബർ 30-ാം തിയ്യതിലെ ജൂബിലിയാഘോഷങ്ങളിൽ നമ്മുടെ സാന്നിധ്യം ഉറപ്പാക്കാം. ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

മാർ ടോണി നീലങ്കാവിൽ

തൃശ്ശൂർ അതിരൂപത സഹായമെത്രാൻ

N.B.:ഈ സർക്കുലർ 08/11/2026 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. +TN.

കച്ചേരി വാർത്തകൾ

1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

നവംബർ

1 : പള്ളിക്കൂദാശ ഒന്നാം ഞായർ

2 : സകല മരിച്ചവരുടെയും ഓർമ്മ

4 : വിശുദ്ധ ചാൾസ് ബൊറോമിയ

5 : വിശുദ്ധ സഖറിയ, വി. ഏലീശ്വാ

6 : ആദ്യവെള്ളി
ആലപ്പാട്ട് മാർ ജോർജ്ജ് മെത്രാന്റെ ചരമം

8 : പള്ളിക്കൂദാശ രണ്ടാം ഞായർ

15 : പള്ളിക്കൂദാശ മൂന്നാം ഞായർ

21 : മാർ തോമാശ്ലീഹായുടെ ഭാരത പ്രവേശനം
പരി. കന്യകാമറിയത്തിന്റെ സമർപ്പണം

22 : പള്ളിക്കൂദാശ നാലാം ഞായർ
മിശിഹായുടെ രാജത്വതിരുനാൾ

29 : മംഗളവാർത്ത ഒന്നാം ഞായർ

30 : വിശുദ്ധ അന്ത്രയോസ് ശ്ലീഹാ
ഇന്ന് പാതിരാമുതൽ പിറവിത്തിരുനാൾ വരെ
വിവാഹാഘോഷം മുടക്ക്

2. നവംബർ മാസത്തെ പരിപാടികൾ

05 : മേജർ സെമിനാരി ഹോം ഡേ (10:00 am)

16 : ഇന്റർ കൂരിയ മീറ്റിംഗ് @ ഹൊസൂർ (10:00 am)

19 : ഫൊറോന വികാരിമാരുടെ യോഗം (10:00 am)

: ആലോചനസമിതി യോഗം (03:00 pm)

21 : കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗം (10:00 am)

24–25 : അതിരൂപത വൈദികരുടെ പിക്നിക്

30 : അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ പൗരോഹിത്യജൂബിലി (02:00 pm)

3. പള്ളിക്കൂദാശക്കാലം:

ആരാധനക്രമവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലത്തിലുള്ളത്. പള്ളിക്കൂദാശ എന്നാൽ സഭയുടെ പ്രതിഷ്ഠ എന്നാണർത്ഥം. ഈ കാലത്തിലെ ആദ്യത്തെ ഞായറാഴ്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം ആചരിക്കുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നു. യുഗാന്തത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ജറുസലെമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. സഭാമക്കളെ കാത്തിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നൽകുന്ന കാലഘട്ടമാണിത്.

മിശിഹായുടെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസ്സഭയുടെ സ്വർഗ്ഗീയ മഹത്വരഹസ്യത്തിൽ പൂർത്തിയാകുംവിധമാണ് ആരാധന വത്സരം സംവിധാനം ചെയ്തിരിക്കുന്നത്.

4. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ ജൂബിലി:

അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി 2026 നവംബർ 30ന് തിങ്കളാഴ്ച ആഘോഷിക്കുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് അഭിവന്ദ്യപിതാക്കന്മാരുടെ കാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യബലിയും തുടർന്ന് പൊതുസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. ഓരോ ഇടവകയിൽ നിന്നും നിർദ്ദേശിച്ചിരിക്കുന്ന വ്യക്തികൾ പരിപാടികളിൽ പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. നാമഹേതുക തിരുനാൾ & മെത്രാഭിഷേക വാർഷികം

നവംബർ 30നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും നവംബർ 18നു മെത്രാഭിഷേകവാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ. അന്നേദിവസങ്ങളിൽ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

6. 25 നോമ്പ്:

നവംബർ 30 പാതിരാമുതൽ 25 നോമ്പാരംഭിക്കുന്നു. നോമ്പിലൂടെ ആത്മശുദ്ധി നേടി പ്രാർത്ഥനാപൂർവ്വം ഈശോയുടെ പിറവിക്കായി നമുക്ക് ഒരുങ്ങാം. ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വിവരം ബഹു. അച്ചന്മാർ ജനങ്ങളെ ഓർമ്മപ്പെടുത്തുമല്ലോ.

7. കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും യോഗം:

കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും യോഗം 2026 നവംബർ 21ന് രാവിലെ 10 മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തപ്പെടുന്നു.

8. വൈദിക മാസധ്യാനവും വൈദിക ഏകദിനസമ്മേളനവും:

വൈദികരുടെ മാസധ്യാനം ഡിസംബർ 7 ന് രാവിലെ 10 മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

9. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ:

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2026 ഡിസംബർ 12-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 1.30ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു.


10. ഓഫീസ് അവധി :

2026 ഡിസംബർ 20 മുതൽ 2027 ജനുവരി 6 വരെ അതിരൂപതാ കാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

11. വൈദികനിയമനം:

1. ഫാ. ആന്റണി അമ്മുത്തൻ - കപ്ലോൻ സേക്രഡ് ഹാർട്ട് സി. എം. സി. കൂടി; സാധുത 2026 സെപ്തംബർ 7 മുതൽ.
2. ഫാ. അൽജോ കരേരക്കാട്ടിൽ - ഫ്രാൻസിൽ അജപാലന ശുശ്രൂഷയ്ക്കായി അവധി; സെക്രട്ടറി ചാൻസറി & കപ്ലോൻ സേക്രഡ് ഹാർട്ട് സി. എം. സി. ഒഴിവായി; സാധുത 2026 സെപ്തംബർ 10 മുതൽ.
3. ഫാ. റിജോ വിതയത്തിൽ - ചികിത്സാവധി; വികാരി ആറ്റുപുറം ഒഴിവായി; സാധുത 2026 സെപ്തംബർ 16 മുതൽ.
4. ഫാ. ജിയോ കടവി - നടത്തുവികാരി ആറ്റുപുറം; സാധുത 2026 സെപ്തംബർ 16 മുതൽ.
5. ഫാ. ഹാഡ്‌ലി നീലങ്കാവിൽ - ഫ്രാൻസിൽ ഉപരിപഠനത്തിന് അനുവാദം; സാധുത 2026 സെപ്തംബർ 21 മുതൽ.

6. ഫാ. അഭിജിത്ത് പടിഞ്ഞാക്കര – പുതുക്കാട് ഇടവകയിലെ സഹായി ഒഴിവായി; സാധുത 2026 സെപ്തംബർ 28 മുതൽ.
7. ഫാ. വർഗ്ഗീസ് ഊക്കൻ – വികാരി മനക്കൊടി ഒഴിവായി; താമസം പോപ്പ് ജോൺ പോൾ പീസ് ഹോം; സാധുത 2026 ഒക്ടോബർ 07 മുതൽ.
8. ഫാ. റിജോയ് തൈവളപ്പിൽ – വികാരി മനക്കൊടി; സാധുത 2026 ഒക്ടോബർ 07 മുതൽ.



മാർ ടോണി നീലങ്കാവിൽ

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്

ധനികനായ യുവാവ്
എന്റെ നാമത്തെപ്രതി
ഭവനത്തെയോ
സഹോദരൻമാരെയോ
സഹോദരികളെയോ
പിതാവിനെയോ മാതാവിനെയോ
മക്കളെയോ വയലുകളെയോ
പരിത്യജിക്കുന്ന ഏതൊരുവനും
നൂറിരട്ടി ലഭിക്കും;
അവൻ നിത്യജീവൻ
അവകാശമാക്കുകയും
ചെയ്യും
(മത്താ. 19, 29)



Mar Andrews Thazhath

Date	Day	Time	Description
1	Sun	Morning	Holy Mass @ Kanjikode
		Afternoon	Cathechism Teaching Seminarians Meeting @ DBCLC
		Evening	Church Blessing @ Ponganamkad
2	Mon	Morning	All Souls Day @ Lourdes Cathedral
		Evening	Ecumenical Meeting @ ABPH
3	Tue	Morning	Holy Mass & Chapel Blessing @ Thaikkattussery
		Evening	Holy Mass @ Chemmanur
4	Wed	Morning	Diaconate @ Kuttur
5	Thu	Morning	Baptism @ Kutttur
		Afternoon	Prayer Service @ MMS
		Afternoon	Church Blessing @ Olarikkara
		Evening	Home Day Public Meeting @ MMS
6-10			@ Mumbai
11-12	Wed		Jubilee Celebration @ Aluva
12	Thu	Evening	Sneha Sangamam @ Lourdes Cathedral
13	Fri	Morning	Holy Mass @ Damien Institute, Mulayam
		Afternoon	White Coat Ceremony @ JMMC
14	Sat	Morning	Baptism @ Vellarakad
		Wholeday	Jubilee celebration @ Pudukad
15		Morning	Solemn Holy Mass @ Lourdes Cathedral
		Afternoon	Benefactors' Meet @ Minor Seminary
16	Mon		Inter Curia Meeting @ Hossur
17	Tue	Afternoon	Mathrevedhi Jubilee Celebration @ DBCLC

19	Thu	Morning	Forane Vicars Meeting @ ABPH
		Afternoon	Consultors Meeting @ ABPH
		Evening	Holy Mass @ Peace Home
20	Fri	Afternoon	Advocates Forum Meeting & Seminar @ Family Apostolate
21	Sat	Morning	Trustees & Accounts Meeting @ DBCLC
		Afternoon	Holy Mass @ Daivasabdam Convention
		Afternoon	Alumini Celebration @ St. Thomas College
		Evening	Blessing of the Sea & Seashore
22	Sun	Morning	Golden Jubilee Celebration Holy Mass @ MMB
		Afternoon	KLM Thozhilali Sangamam @ Town Hall
		Evening	Holy Mass @ Mattom
23	Mon	Morning	Holy Mass @ SSJW, Peechi
25	Wed	Morning	Holy Mass @ Minor Seminary
26	Thu	Morning	Holy Mass @ Kozhinjampara
27	Fri	Morning	Holy Mass @ MMS
		Evening	New Installation of Pro Life Movement @ Thiroor
28	Sat	Morning	Golden & Silver Jubilee Celebration of CHF @ Olari
		Afternoon	Madhyama Dhinam @ St. Thomas College
29	Sun	Morning	Holy Mass @ Sneholsavam
		Morning	Holy Mass & Blessing of AURA @ Chittissery
30	Mon	Afternoon	Sacerdotal Golden Jubilee Celebration @ Lourdes Cathedral



Mar Tony Neelankavil

Date	Day	Time	Description
1 - 10			Visit to Roman Dicastries & Universities
13	Fri	Morning	Holy Mass @ Pre Cana Course
		Evening	Kooduthurackal @ Lourdes Cathedral
14	Sat	Morning	Kooduthurackal @ Chuvannamannu Jubilee Celebration-Abp Andrews Thazhath @ Pudukad
		Evening	Kooduthurackal @ Olarikkara
15	Sun	Morning	Holy Mass @ Ponganamakad Holy Mass @ Minor Seminary Benefactors' Day
16	Mon		Inter-eparchial Curia Meeting @ Hosur
17	Tue	Afternoon	STC Trust Meeting
18	Wed	Morning	Holy Mass @ Priest Home
		Afternoon	Journal Club Inauguration @ JMMC
		Evening	Holy Mass & Talk @ Pavaratty Convention
19	Thu	Morning	Holy Mass @ Minor Seminary Meeting with Forane Vicars @ ABH
		Afternoon	Consulters' Meeting
20	Fri	Afternoon	Class on Senior Citizen by Advocates Forum
		Evening	Holy Mass @ Parappur Chrisform Camp @ DBCLC
21	Sat	Morning	Meeting of Trustees & Accountants Jubilee Celebration Meeting @ MMB House

		Evening	Blessing of Sea and Seashore @ Palayoor
22	Sun		Pastoral Visit @ Enamavu
23	Mon	Morning	Pastoral Visit @ Enamavu Holy Mass @ Daivasabham Retreat
24	Tue	Morning	Sacerdotal Jubilee @ Kakkanad Archdiocesan Priests' Picnic
25	Wed		Archdiocesan Priests' Picnic
26	Thu	Morning	Holy Mass @ MI Hospital Day
27	Fri	Morning	Holy Mass @ Pre Cana Course Inauguration@STC Hindi International Seminar
		Evening	Retirement @ Chowannur Girl's School
28	Sat	Morning	Holy Mass @ Savio Home, Manakody
		Afternoon	Athiroopatha Madhyamadhinam
29	Sun	Morning	Chapel Blessing @ Nandipulam North Holy Mass @ Basilica Holy Mass & Parish Day @ Anthikad
30	Mon		Jubilee Celebration of ABP @ Lourdes

സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു,
നിങ്ങൾ മാനസാന്തരപ്പെട്ട്
ശിശുക്കളെപ്പോലെ
ആകുന്നില്ലെങ്കിൽ,
സ്വർഗരാജ്യത്തിൽ
പ്രവേശിക്കുകയില്ല
(മത്തായി 18 : 3)



നാളാഗമം

സെപ്തംബർ 2026

1 അഭിവന്ദ്യ മാർ ആൻഡ്രൂസ്താഴത്ത് മെത്രാപ്പോലീത്ത രാവിലെ മുണ്ടുപാലം സിഎംസി കോൺവെന്റിൽ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ ഡീക്കന്മാരുടെ പ്രോജക്ട് അവതരണത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പുല്ലഴി സെന്റ് ജോസഫ് മെന്റൽ ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

2 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ മുള്ളൂർക്കര ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമോദീസ നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പട്ടിക്കാട് ഫൊറോന ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഒല്ലൂർ ഫൊറോന ദൈവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ വൈദിക കൂട്ടായ്മയിൽ പങ്കെടുത്തു.

3 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. രാവിലെ തൃശൂർ ഫാമിലി അപ്പസ്തോലേറ്റിൽ വിശുദ്ധ മദർ

തെരേസയുടെ ജന്മദിനത്തോടനുബന്ധിച്ചു നടത്തിയ അഗതി ദിനാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. മരണമടഞ്ഞ ബഹുമാനപ്പെട്ട ആന്റണി മാളിയേക്കൽ അച്ചന്റെ മരണവാർഷികത്തോടനുബന്ധിച്ചു നടത്തിയ അനുസ്മരണ കർമങ്ങളുടെ ഭാഗമായുള്ള ഒപ്പീസ് പ്രാർത്ഥനക്ക് നേതൃത്വം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കുണ്ടന്നൂർ ഇടവക ദൈവാലയത്തിൽ നാലാമത്തെ കുഞ്ഞിനെ മാമോദിസ നൽകി. തുടർന്ന് പഴുവിൽ സെന്റ് മേരിസ് ധ്യാന കേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് പൊന്നൂക്കര ഇടവക ദൈവാലയത്തിൽ നടന്ന ബഹുമാനപ്പെട്ട ആന്റണി മാളിയേക്കൽ അച്ചന്റെ ശ്രാദ്ധദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

4 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത വൈകിട്ട് എം. എസ്.ജെ. കോൺഗ്രിഗേഷന്റെ ചാപ്റ്ററിനു ഒരുക്കമായുള്ള ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് Permanent സിനഡിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവർക്കായി പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നിർമ്മലപുരം ഇടവകയിൽ നടന്ന ബഹുമാനപ്പെട്ട ജോഷി പറോക്കാരൻ അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികനായി.

5 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത ഇടുക്കി രൂപതയിലെ രാജകുമാരി മരിയൻ തീർത്ഥാടനത്തിൽ പങ്കെടുത്തു വിശുദ്ധ ബലിയർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പേരാമംഗലം ഇടവക ദൈവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. ഉച്ചതിരിഞ്ഞ് കോട്ടയം അതിരൂപതയുടെ പുതിയ സഹായമെത്രാൻ മാർ ആനിമൂട്ടിൽ പിതാവിനെ തൃശ്ശൂർ ബിഷപ്സ് ഹൗസിൽ സ്വീകരിച്ചു.

6 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ വെണ്ടോർ ഇടവകയിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് ചെങ്ങാലൂർ ഇടവകാതിർത്തിയിൽ വെണ്ടോർ ഇടവക നിർമിച്ചു നൽകിയ മൂന്നു ഭവനങ്ങളുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. ഉച്ചക്ക് ശേഷം അതിരൂപത ഭവനത്തിൽ കൂടിയ പാക്ട് കൺവീനർമാരുടെ മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അതിനുശേഷം ഡി ബി സി എൽ സിയിൽ കലാസദന്റെ നേതൃത്വത്തിൽ നടത്തിയ തേൻ തുള്ളികൾ മ്യൂസിക് നൈറ്റ് ഉദ്ഘാടനം ചെയ്തു.

അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മഞ്ഞക്കുന്ന് ഇടവക ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഡി.ബി.സി.എൽ.സി. യിൽ നടന്ന വിശ്വാസ പരിശീലകരുടെ സെമിനാറിൽ പങ്കെടുത്തു.

7 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത ഉച്ചക്ക് ശേഷം ജൂബിലി മിഷൻ ആശുപത്രിയിലെ പുതിയ ഡയാലിസിസ് യൂണിറ്റിന്റെ വെഞ്ചിരിപ്പുകർമം നിർവഹിക്കുകയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കരുമത്ര ഇടവക ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് തിരുനാൾ കൂടുതുറക്കൽ ശുശ്രൂഷ നടത്തി. തുടർന്ന് ജൂബിലി മിഷൻ ആശുപത്രിയിൽ പുതിയതായി ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടന കർമ്മത്തിൽ പങ്കെടുത്തു. തുടർന്ന് മെത്രാപ്പോലീത്തൻ പ്രൊവിൻസ് അസംബ്ലിയുടെ ഭാഗമായുള്ള മീറ്റിങ്ങിൽ ഓൺലൈനായി പങ്കെടുത്തു.

8 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ നെഹ്റു നഗർ ഇടവക ദൈവാലയത്തിൽ എം എസ് ജെ വൈദീകരോടൊപ്പം വിശുദ്ധ ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഉച്ചക്ക് ശേഷം പുത്തൻപീടിക ഇടവകാതിർത്തിയിൽ പുതുതായി നിർമിച്ച രണ്ട് ഭവനങ്ങൾ ആശീർവദിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വടവാതൂർ സെമിനാരി സന്ദർശിച്ചു. വൈകിട്ട് കുമരകം നവ നസ്രത്ത് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു.

9 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ നെന്മണിക്കര ഇടവകയിലെ പിടിയത്ത് മെജോ-സിജി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമോദീസ നൽകി. പൊങ്ങണംകാട് ഇടവകയിൽ മരണമടഞ്ഞ ബഹുമാനപ്പെട്ട ജോസ് അറങ്ങാശ്ശേരി അച്ചന്റെ മൃതസംസ്ക്കര കർമങ്ങളിൽ അഭിവന്ദ്യപിതാക്കന്മാർ കാർമ്മികത്വം വഹിച്ചു. വൈകീട്ട് ഏങ്ങണ്ടിയൂർ എം ഐ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിലും പങ്കെടുത്തു.

10 രാവിലെ അതിരൂപത ഭവനത്തിൽ നടത്തിയ ആലോചന സമിതിയോഗത്തിലും വൈകീട്ട് നടത്തിയ ഫിനാൻസ് കൗൺസിലിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

11 അഭിവന്ദ്യ പിതാക്കന്മാർ വൈകീട്ട് ജൂബിലി ആശുപത്രിയുടെ

ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഷെക്കെയ്ന ടിവിയുടെ സ്റ്റുഡിയോ കോംപ്ലക്സിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് മീഡിയ കത്തോലിക്കാ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് തോപ്പ് സ്റ്റേഡിയത്തിൽ സെന്റ് തോമസ് കോളേജ് ഒരുക്കിയ ഫുട്ബോൾ മത്സരം ഉദ്ഘാടനം ചെയ്തു.

12 അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ഫാമിലി അപ്പസ്തോലേറ്റിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ യോഗത്തിലും തുടർന്നു ഉച്ചക്ക്ശേഷം സംഘടന ഏകോപന സമിതിയുടെ യോഗത്തിലും പങ്കെടുത്തു. വൈകീട്ട് അഭിവന്ദ്യ താഴത്ത് പിതാവ് നവീകരിച്ച നടത്തറ ഇടവക ദൈവാലയത്തിന്റെ പുനർകൂദാശ കർമം നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചെവ്വൂർ ഇടവക ദൈവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. തുടർന്ന് ഡിബിസിഎൽസിയിൽ നടന്ന മാജിസ് ഫോർമേഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ചിറ്റിലപ്പിള്ളി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

13 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ കണ്ണാറ ഇടവക ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് ഓർത്തഡോക്സ് സഭ മേലധ്യക്ഷൻ ആബൂൻ മോർ ബസേലിയോസ് ജോസഫ് തിരുമേനിയുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് ഡഫ് ആൻഡ് ഡംബ് ആയിട്ടുള്ളവർക്ക് വേണ്ടി ഒരുക്കിയ വിവാഹ ഒരുക്ക ക്ലാസ്സിൽ സന്ദർശിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അതിനുശേഷം പീസ് ഹോമിൽ വിവാഹത്തിന്റെ റൂബി ജൂബിലി ആഘോഷിക്കുന്നവരെ അനുമോദിക്കുന്ന ചടങ്ങിൽ പങ്കെടുത്തു ആശംസകൾ അറിയിച്ചു. ഉച്ചക്ക് ശേഷം ഫാമിലി അപ്പസ്തലേറ്റിൽ വച്ച് നടത്തിയ ട്രിനിറ്റി കപ്പിൾസിന്റെ ട്രെയിനിങ് പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചിറ്റിലപ്പള്ളി ഇടവകയിൽ ഇടയ സന്ദർശനം നടത്തി. തുടർന്ന് തൃശൂർ അതിരൂപത വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

14 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ മർത്ത ലൂർദ് മാതാ കോൺവെന്റിൽ വിശുദ്ധ ബലിയർപ്പിച്ചു. അതിനു ശേഷം പുതുതായി നിർമിച്ച സെന്റ് ക്ലെയേഴ്സ് സ്കൂളിന്റെ ആശീർവാദ കർമം നിർവഹിച്ചു. ഉച്ചക്ക് ശേഷം ജൂബിലി നേഴ്സിങ് കോളേജിൽ റൂബി ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും തുടർന്ന് വേലൂർ അർണോസ് പാതിരി പഠന ശിബിര ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. അഭിവന്ദ്യ

മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ജെറുസലേം ധ്യാന കേന്ദ്രത്തിൽ വച്ച് നടന്ന തൃശൂർ അതിരൂപത വൈദികരുടെ വാർഷിക ധ്യാനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി റോജി എം. ജോണിന് അതിരൂപത ആസ്ഥാനത്ത് സ്വീകരണം നൽകി.

15 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ തൃശൂർ വ്യാകുലമാതാവിൻ ബസിലിക്കയിൽ ഊട്ടുതിരുനാളിനോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

16 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ വൈദീകരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ചു ജെറുസലേം ധ്യാനകേന്ദ്രത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സെന്റ് മേരിസ് മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

17–18 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത സി ബി സി ഐ യുടെ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

17. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കോഴിക്കോട് എസ് കെ ഡി ജനറലൈറ്റിൽ നടന്ന അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ഒന്നാം ചരമവാർഷിക അനുസ്മരണത്തിൽ പങ്കെടുത്തു.

18. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മർത്ത കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് തൃശ്ശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ അനുസ്മരണ കുർബാനയിൽ വചന സന്ദേശം നൽകി. വൈകിട്ട് പ്രജ്യോതി നികേതൻ കോളേജിൽ നടന്ന തൃശ്ശൂർ ജീസസ് യൂത്തിന്റെ ക്യാമ്പസ് മീറ്റ് എന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

19 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിക്കുകയും പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിക്കുയും ചെയ്തു. ഉച്ചക്ക് ശേഷം കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിയ സുവർണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ പുതിയതായി നിർമ്മിച്ച കെമിസ്ട്രി ലാബിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. മൈനർ സെമിനാരിയിൽ നടന്ന അഭിവന്ദ്യ മാർ

ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ആലുവ കപ്പൂച്ചിൻ പ്രൊവിൻഷ്യൽ ബഹുമാനപ്പെട്ട ജയ്സൺ കാളനച്ചന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ കല്ലൂരിൽ ഉള്ള ഭവനത്തിലെ ശുശ്രൂഷകൾ നടത്തി.

20 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ പാസ്റ്ററൽ സെന്ററിൽ ദർശന സഭയുടെ നവീകരിച്ച ഓഫീസ് വെഞ്ചിരിച്ചു. തുടർന്ന് ലൂർദ്ദ് കത്തീഡ്രൽ പള്ളി ഹാളിൽ ജൂബിലി മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തിയ മുറിച്ചുണ്ടുള്ളവരുടെ ഗ്രേറ്റ് ഗാതെറിങ്ങിന്റെ ഉദ്ഘാടനം നിർവഹിക്കുകയും അവരെ അനുമോദിക്കുകയും ചെയ്തു. ഉച്ചക്ക് ശേഷം നവീകരിച്ച കാവീട് ഇടവക ദൈവാലയത്തിന്റെ പുനർകൂദാശ നിർവഹിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പനമുക്ക് ഇടവക ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പഴുവിൽ ഫൊറോന ദേവാലയത്തിൽ പുതിയതായി രൂപം കൊടുക്കുന്ന പി എഫ് സി ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് ഡി.ബി.സി.എൽ.സി. യിൽ നടന്ന വിശ്വാസ പരിശീലന പ്രിൻസിപ്പൽമാരുടെ കോൺഫറൻസിൽ പങ്കെടുത്തു. തുടർന്ന് അരണാട്ടുകര ഇടവകയിലെ യൂത്ത് മീറ്റ് ഉദ്ഘാടനം ചെയ്തു. മരത്താക്കര ഇടവകയിലെ വിശ്വാസ പരിശീലന ദിനം ഉദ്ഘാടനം ചെയ്തു.

21 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത കാലം ചെയ്ത മുവാറ്റുപുഴ മുൻ മെത്രാപ്പോലീത്ത എബ്രഹാം മോർ ജൂലിയോസിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് തിരുവല്ല കത്തീഡ്രൽ ദൈവാലയത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചക്ക് ശേഷം പുതുക്കാട് പ്രജ്യോതി കോളേജിൽ നടത്തിയ ജീസസ് യൂത്തിന്റെ ക്യാമ്പസ് മീറ്റ് സന്ദർശിക്കുകയും അവർക്കു വേണ്ടി ആരാധനാ നയിക്കുകയും ആശീർവാദം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മുള്ളൂർക്കര ഇടവക ദൈവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. തുടർന്ന് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ഡീക്കന്മാർക്കായി ഒരുക്കിയ കോഴ്സ് ഉദ്ഘാടനം ചെയ്തു. ചേറൂരിലുള്ള മൗണ്ട് കാൽവരി സിസ്റ്റേഴ്സ് ഫൗണ്ടേഴ്സ് ഡേയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന യുവ വൈദികരുടെ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

22 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന യുവ വൈദികരുടെ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

23 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പെരിഞ്ഞേരി ക്രൈസ്റ്റ് കിംഗ് മഠത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

24 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ മുക്കാട്ടുകാര ഇടവകയിൽ കുന്നത്ത് ആട്ടോക്കാരൻ ജോംസ്-എമി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. ഉച്ചക്ക് സെന്റ് തോമസ് കോളേജിൽ നടന്ന സ്പോർട്സ് മെറിറ്റ് ഡേയിൽ പങ്കെടുത്തു. ഉച്ചക്ക് ശേഷം മേരിമാതാ മേജർ സെമിനാരിയിലെ ഡീക്കന്മാർക്കായി ജൂബിലി മിഷൻ ആശുപത്രിയിൽ സംഘടിപ്പിച്ച ഹെൽത്ത് കെയർ ട്രെയിനിങ് പ്രോഗ്രാമിന്റെ സമാപന ചടങ്ങിൽ പങ്കെടുക്കുകയും ഡീക്കന്മാരുമായി സംവദിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചയ്ക്ക് സെന്റ് തോമസ് കോളേജിൽ നടന്ന കായിക അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് മുക്കാട്ടുകര ബത്‌ലഹേം മഠത്തിലെ സിസ്റ്ററിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമികനായി.

25 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത വൈകീട്ട് ഡി ബി സി എൽ സിയിൽ ക്രിസ്മോം ഉദ്ഘാടനം നിർവഹിച്ചു.

26 അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ഡി ബി സി എൽ സിയിൽ നടത്തപ്പെട്ട സന്യസ്ത സമർപ്പിത യോഗത്തിലും ഉച്ചക്ക് ശേഷം ബോൺ നത്താലെയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പൗരാവലിയുടെ മീറ്റിംഗിലും പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാവീട് നവീകരിച്ച ഇടവക ദൈവാലയത്തിൽ പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

27 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ മുതൽ വൈകീട്ട് വരെ തലോർ ഉണ്ണിമിശിഹാ ഇടവകയിൽ ഇടയ സന്ദർശനം നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തിരൂർ ഇടവക ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.


28. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശൂർ അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

29 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ വൈദീകരുടെ ധ്യാന ത്തോടനുബന്ധിച്ചു വിശുദ്ധ ബലിയർപ്പിക്കുകയും വൈദീകരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കിഴക്കേ കല്ലൂർ ഇടവക ദൈവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. വൈകീട്ട് കാക്കനാട് മൗണ്ട് സെന്റ് തോമസ് കാര്യാലയത്തിൽ നടന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ നാമഹേതുക തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

30. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കാക്ക നാട് മൗണ്ട് സെന്റ് തോമസ് കാര്യാലയത്തിൽ നടന്ന യുവ വൈദികരുടെ തുടർ പരിശീലന പരിപാടിയുടെ സമാപനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് മംഗലപ്പുഴ സെമി നാരിയിൽ ഡീക്കന്മാർക്ക് ക്ലാസ് എടുത്തു.

ശിഷ്യൻമാർക്കുവേണ്ടി
പ്രാർഥിക്കുന്നു
അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.
(യോഹ 17, 21)

1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 70-ാം ശ്രാദ്ധാചരണം


സത്യത്തിന്റെ ചുവടു പിടിച്ച് ധാർമ്മികതയുടെ പടവാൾ കൈകളിലേന്തിയ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ! ശബ്ദമില്ലാത്തവരുടെ ശബ്ദവും കാഴ്ചയില്ലാത്തവരുടെ കാഴ്ചയും സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവന്റെയും മാറ്റിനിറുത്തപ്പെട്ടവന്റെയും വഴികാട്ടിയുമായി മാറിയ ജീവിതം. ധന്യനായ ഊക്കനച്ചന്റെ 70-ാം ശ്രാദ്ധാചരണം അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ വെച്ച് ഒക്ടോബർ 13-ന് നടത്തപ്പെട്ടു. ശ്രാദ്ധാചരണത്തോടനുബന്ധിച്ച് മരത്തംകോട് മേരിമാതാ ദൈവാലയങ്കണം, കുന്നംകുളം സി എം ഐ ആശ്രമാങ്കണം, പാറേംപാടം സെന്റ് ആന്റണീസ് ദൈവാലയങ്കണം എന്നിവിടങ്ങളിൽ നിന്നും രാവിലെ 9.15 ന് ആരംഭിച്ച പദയാത്രകൾ 10.15 ന് ചൊവ്വന്നൂർ ദൈവാലയങ്കണത്തിൽ എത്തിച്ചേർന്നു. ശ്രാദ്ധാചരണചടങ്ങുകളിൽ മുഖ്യകാർമ്മികത്വം വഹിക്കുവാൻ എത്തിച്ചേർന്ന കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ, ഇടവക വികാരി ഫാ. ബൈജു

കാഞ്ഞിരത്തിങ്കൽ, ചാരിറ്റി സിസ്റ്റേഴ്സ്, കൈക്കാരന്മാർ, ശ്രാദ്ധാചരണ കമ്മിറ്റി അംഗങ്ങൾ എന്നിവർ പദയാത്രികരെ സ്വീകരിച്ചു. 10.30 ന് അഭിവന്ദ്യ പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ പരിശുദ്ധ കുർബാന യർപ്പിച്ചു. ഇടവക വികാരി, ഊക്കൻ തറവാട്ടിലെ ബഹു. വൈദികർ, എരുമപ്പെട്ടി ഫൊറോനയിലെ ഇടവക വികാരിമാർ, ചൊവ്വന്നൂർ ഇടവകയുടെ മുൻ വികാരിമാർ, തൃശ്ശൂർ അതിരൂപതയിലെ ബഹു. വൈദികർ, ചാരിറ്റി സന്യാസിനി സമൂഹത്തിലെ പ്രാദേശിക ഭവനങ്ങളുടെ ബഹു. കപ്ലോൻമാർ എന്നിവർ സഹകാർമ്മികരായി. ''വാക്കിലും പ്രവൃത്തിയിലും എന്നും വിശുദ്ധിയുള്ള ജീവിതമായിരുന്നു ധന്യനായ ഊക്കനച്ചന്റേതെന്ന്'' അഭിവന്ദ്യ പിതാവ് തന്റെ സന്ദേശത്തിലൂടെ അനുസ്മരിച്ചു. സംഘർഷ ബഹുലമായ ഒരു ജീവിതമായിരുന്നു ഊക്കനച്ചന്റേതെന്നും അതിനെ ദൈവകരുണയുടെ ഓർമ്മയാക്കി അദ്ദേഹം തീർത്തുവെന്നും പിതാവ് ഓർമ്മ പ്പെടുത്തുകയുായി.

പരിശുദ്ധ കുർബാനയെയതുടർന്ന്, കബറിടത്തിൽ പുഷ്പാർച്ചന, നവജാത ശിശുക്കൾക്ക് ചോറൂണ്, റവ. ഡോ. ജോസഫ് ഏറമ്പിൽ രചിച്ച "Enlightening Life and Theology of Venerable Fr. Augustine John Ukken' എന്ന പുസ്തകത്തിന്റെ പ്രകാശനം, റവ. ഫാ. വിജു കോലങ്കണ്ണി സി.എം.ഐ രചിച്ച 'വിശുദ്ധിതൻ മണിവിളക്ക്' എന്ന സിഡി പ്രകാശനം, നേർച്ച ഊട്ട് എന്നിവ ഉണ്ടായിരുന്നു. കോൺഗ്രിഗേഷൻ ഓഫ് ദി സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ സുപ്പീരിയർ ജനറൽ സി. റിൻസി സി. എസ്. സി, വൈസ് പോസ്റ്റുലേറ്റർ സി. വർഷ സി. എസ്. സി, ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ സ്മാരക സമിതി അംഗങ്ങൾ, കൈക്കാരന്മാർ, ശ്രാദ്ധാചരണ കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

കത്തോലിക്കസഭയുടെ വിശ്വാസപാരമ്പര്യമനുസരിച്ച്, ദൈവരാജ്യത്തിന്റെ സ്ഥാപനത്തിനും പ്രപഞ്ചസൃഷ്ടാവായ സർവ്വേശ്വരന്റെ ആത്മീയ ഫലങ്ങൾക്ക് ഭൂമിയിൽ പ്രായോഗിക തയാകുന്നതിനും വിശ്വാസകേന്ദ്രീകൃതമായ ആത്മീയതയോടൊപ്പം സാമൂഹിക വീക്ഷണത്തോടെ നമ്മുടെ നാട്ടിൽ ജീവിച്ച് മരിച്ച പുണ്യചാര്യനായിരുന്ന, ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 70-ാം ശ്രാദ്ധാചരണത്തിൽ ആയിരക്കണക്കിനാളുകൾ കബ റിടത്തിലേക്ക് മധ്യസ്ഥ പ്രാർത്ഥന നടത്തി മടങ്ങി.

2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



ദൈവദാസൻ ബഹു. ആന്റണി തച്ചുപറമ്പിലച്ചന്റെ ഒക്ടോബർ മാസത്തെ ആദ്യ വെള്ളിയാചരണം ഏറെ ഭക്തി നിർഭരമായി നടത്തപ്പെട്ടു. രാവിലെ പത്തിന് ജപമാല പ്രാർത്ഥനയോടെ തിരുക്കർമ്മങ്ങൾ ആരംഭിച്ചു. തുടർന്ന്, വചനപ്രഘോഷണം ആയിരുന്നു. ആദ്യ വെള്ളിയാഴ്ച ആചരണത്തിന്റെ വി. കുർബാന അർപ്പിച്ചത് ബഹു. സെബി കാഞ്ഞിരത്തിങ്കൽ അച്ചൻ ആയിരുന്നു. വി. കുർബാനമധ്യേ, അന്തോണിയച്ചന്റെ വിശുദ്ധ ജീവിതത്തെയും ചേലക്കരയിലെ ജനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളെയും പറ്റി വിശദീകരിച്ചു. അന്തോണിയച്ചൻ വിദ്യാഭ്യാസ മേഖലയ്ക്ക് നൽകിയ സംഭാവനകൾ, പ്രത്യേകിച്ച് പെൺകുട്ടികളുടെ പഠനത്തിന് നൽകിയ ഊന്നൽ, അതിനായി ആരംഭിച്ച പെൺകുട്ടികളുടെ സ്കൂൾ തുടങ്ങി ഈ ഉദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം തരണം ചെയ്ത വലിയ തടസ്സങ്ങൾ എല്ലാം സെബിയച്ചൻ വിവ

രിച്ചു. ജനങ്ങളുടെ ആരോഗ്യത്തിനായി ആശുപത്രി കൊണ്ടുവന്നതും അച്ചൻ പരാമർശിച്ചു.

ബഹു. ആന്റണി തച്ചുപറമ്പിലച്ചൻ ചേലക്കരയിലെ ഒരു സാമൂഹിക നവോഥാന നായകൻ മാത്രമല്ല, തികഞ്ഞ ഒരു ആത്മീയ മനുഷ്യനും ആയിരുന്നു. കാണപ്പെടുന്ന സഹോദരങ്ങളിലൂടെ കാണപ്പെടാത്ത ദൈവത്തെ കണ്ടെത്തിയ പുരോഹിതൻ. ചേലക്കര സമൂഹത്തിനു വേണ്ടി അന്തോണിയച്ചൻ ചെയ്ത ഓരോ പ്രവർത്തനങ്ങളുടെയും അടിസ്ഥാനം അദ്ദേഹത്തിന്റെ പൗരോഹിത്യവും, പ്രാർത്ഥനയിലും പരിത്യാഗ പ്രവർത്തികളിലും ഊന്നിയ അദ്ദേഹത്തിന്റെ ജീവിതവും ആയിരുന്നു. ഈ കഠിനമായ ജീവിത രീതി തന്നെയാണ് 60 വയസ്സാകുമ്പോഴേക്കും അദ്ദേഹത്തെ ഒരു രോഗിയാക്കിയത്. എന്നാൽ രോഗത്തിന്റെ വേദനയും, അസ്വസ്ഥതകളും തന്റെ അജഗണത്തിന്റെ വളർച്ചയ്ക്കായി ദൈവസന്നിധിയിൽ സമർപ്പിക്കുന്നതിൽ അന്തോണിച്ചൻ പൂർണ്ണ സന്തോഷവാനായിരുന്നു.

അന്തോണിയച്ചന്റെ നാമകരണ നടപടികൾ വേഗത്തിലാകാൻ എല്ലാവരും പ്രാർത്ഥിക്കണമെന്നും ഈ നിയോഗത്തിനായി പ രിത്യാഗ പ്രവർത്തികൾ ചെയ്യണമെന്നും അച്ചൻ ഓർമിപ്പിച്ചു.

ഫാ. പോൾ പുളിക്കൻ
വൈസ് പോസ്റ്റുലേറ്റർ

വൈദികർ



ഫാ. അനീഷ് കൂത്തൂർ	02	ഫാ. റോജോ എലുവത്തിങ്കൽ	15
ഫാ. മനോജ് താണിക്കൽ	03	ഫാ. സനോജ് അറങ്ങാശ്ശേരി	18
ഫാ. ജെയ്സൻ വടക്കേത്തല	03	ഫാ. ലിജോ ചാലിശ്ശേരി	18
ഫാ. ജാക്സൻ ചാലക്കൽ	04	ഫാ. അമൽ ചാഴൂർ	18
ഫാ. ചെറിയാൻ പാറക്കൽ	04	ഫാ. സെബി കവലക്കാട്ട്	20
ഫാ. പ്രിജോവ് വടക്കേത്തല	04	ഫാ. ഗ്രിജോ മുരിങ്ങാത്തേരി	20
ഫാ. അൽജോ കരേരക്കാട്ടിൽ	05	ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ	20
ഫാ. സിബിൻ ഊക്കൻ	05	ഫാ. ഡെറിൻ അരിമ്പൂർ	23
ഫാ. ജോർജ്ജ് കോമ്പാറ	08	ഫാ. ജസ്റ്റിൻ കൈതാരത്ത്	23
ഫാ. സാന്റിയോ എലുവത്തിങ്കൽ	10	ഫാ. ജോർജ്ജ് തേർമഠം	23
ഫാ. ജോർജ്ജ് എടക്കുളത്തൂർ	11	ഫാ. ഫ്രാങ്കോ കവലക്കാട്ട്	25
ഫാ. സോണി കിഴക്കൂടൻ	12	ഫാ. ബ്രിൽവിൻ ഒലക്കേങ്കിൽ	25
ഫാ. ജോസ് തത്രത്തിൽ	12	ഫാ. ട്വിങ്കിൾ വാഴപ്പിള്ളി	25
ഫാ. സനൽ മാളിയേക്കൽ	14	ഫാ. ജോസ് ഐനിക്കൽ	28
ഫാ. റോയ് വേളക്കൊമ്പിൽ	14	ഫാ. ക്ലിൻസൺ കാട്ടിപറമ്പൻ	30



ഫാ. മാർട്ടിൻ കൊളമ്പ്രത്ത്	03
ഫാ. ക്ലമന്റ് വാഴപറമ്പിൽ	23
ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട്	30



ഫാ. വറീത് കടവി	04.11.1890
ഫാ. ജോസഫ് മുണ്ടശ്ശേരി	04.11.2014
ഫാ. ഗീവർഗ്ഗീസ് തെക്കേക്കര	07.11.1933
ഫാ. അഗസ്റ്റിൻ മംഗലം	07.11.2021
ഫാ. ഔസേപ്പ് കാച്ചപ്പിള്ളി	09.11.1893
ഫാ. ആന്റണി മഞ്ഞളി	09.11.1895
ഫാ. ജോസ് ഇരിമ്പൻ	09.11.1957
ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത്	10.11.1987
ഫാ. പോൾ അമ്പൂക്കൻ	11.11.1969
ഫാ. ജോസഫ് ചിറയത്ത്	12.11.1946
ഫാ. ജോർജ്ജ് പുളിക്കൻ	14.11.1854
ഫാ. പോൾ ആലപ്പാട്ട്	14.11.1920
ഫാ. ജോസ് മേനാച്ചേരി	15.11.1954
ഫാ. ജോൺ കിഴക്കൂടൻ	15.11.1960
ഫാ. ജേക്കബ് അന്തിക്കാട്ട്	16.11.1980
ഫാ. തോമസ് തെക്കേക്കര	17.11.1895
ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ	17.11.1971
ഫാ. ജോൺ കൊള്ളന്നൂർ	19.11.2017
ഫാ. ജോൺ ഊക്കൻ	20.11.1944
ഫാ. ജോസഫ് ചാലിശ്ശേരി	20.11.1967
ഫാ. ആന്റണി പാണേങ്ങാടൻ	20.11.2008
ഫാ. പീറ്റർ പാലയൂർ	21.11.2015
ഫാ. ആന്റണി ചെമ്മണ്ണൂർ	23.11.2000
ഫാ. ലൂവീസ് എടക്കളത്തൂർ	26.11.2022

അവന്റെ
സാക്ഷ്യം
സ്വീകരിക്കുന്നവൻ
ദൈവം സത്യവാനാണ്
എന്നതിനു
മുദ്രവയ്ക്കുന്നു.

യോഹ. 3:33

സന്യസ്തർ

സി.ആർ.ഐ. വാർത്തകൾ

സി. ആർ. ഐ. വാർത്തകൾ

ലിയോ പതിനാലാമൻ മാർപ്പാപ്പയുടെ ഏറ്റവും പുതിയ ചാക്രിക ലേഖനമായ മാഗ്നിഫിക്ക ഹ്യൂമാനിറ്റാസിനെ കുറിച്ച് ചിന്തിക്കാനും ആഴത്തിൽ മനസ്സിലാക്കുവാനുമായി 2026 September 12 ന് പാലാരിവട്ടം പി.ഒ.സിയിൽ വെച്ച് Kerala Conference of Major Superiors ഉം (KCMS) Pastoral Training Institute ഉം (PTI) ചേർന്ന് സംഘടിപ്പിച്ച വർക്ക്ഷോപ്പിലും September 26 ന് DBCLC യിൽ വെച്ച് നടന്ന തൃശൂർ അതിരൂപതയിലെ വൈദീക സമിതി അംഗങ്ങളുടെയും സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളുടെയും സംയുക്ത യോഗത്തിലും CRI Executive അംഗങ്ങൾ പങ്കെടുത്തു.

സി. എച്ച്. എഫ്.

06.09.2026 ന് പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസ്സിൻ തെരേസ് പോസ്റ്റുലൻസിലേയ്ക്ക് പ്രവേശിക്കാനൊരുങ്ങുന്ന ആസ്പിരൻസിന് ഇന്റർവ്യൂ നടത്തി. 08.09.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ പരിശീലനത്തിലായിരിക്കുന്ന 4 ആസ്പിരൻസിനെ പോസ്റ്റുലൻസിലേയ്ക്ക് പ്രവേശിപ്പിച്ചു. 12.09.2026 ൽ മേജർ സുപ്പീരിയേഴ്സിനായി കാക്കനാട് നടന്ന മീറ്റിംഗിൽ നവജ്യോതി മുൻ വികാർ പ്രൊവിൻഷ്യൽ സി. റിൻസി വർഗീസും ഫിനാസ് ഓഫീസർ സി. ഷീന ജോസഫും പങ്കെടുത്തു. 12.09.2026 ൽ ലെയോ XIV മൻ മാർപ്പാപ്പയുടെ 'മാനവ മഹത്ത്വം' എന്ന ചാക്രിയ ലേഖനം അടിസ്ഥാനപ്പെടുത്തി പാലാരിവട്ടം പി ഒ സി യിൽ നടന്ന സെമിനാറിൽ നവജ്യോതി പ്രോവിൻസിൽ നിന്നും സി. ഗ്രേയ്സ് ഡേവീസ്,

സി. ഐവി മരിയ എന്നിവർ പങ്കെടുത്തു. 18.09.2026 ൽ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ നടന്ന ദിവ്യബലിയിലും മറ്റു ചടങ്ങുകളിലും നവജ്യോതി പ്രോവിൻസിലെ സുപ്പീരിയേഴ്സ് സംബന്ധിച്ചു. 19.09.2026 ന് നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ ഷംഷാബാദ് അതിരൂപതാധ്യക്ഷൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടനെ ആർച്ച്ബിഷപ്പ്സ് ഹൗസിൽ പോയി സന്ദർശിച്ചു. 19.09.2026 ന് ലൊസർവത്തോർ റൊമാനോയുടെ നേതൃത്വത്തിൽ ലെയോ XIV മൻ മാർപ്പാപ്പയുടെ 'മാനവമഹത്ത്വം' എന്ന ചാക്രിയ ലേഖനം അടിസ്ഥാനപ്പെടുത്തി കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടന്ന സെമിനാറിൽ നവജ്യോതി പ്രോവിൻസിൽ നിന്നും സി. നിസ കരോളിൻ, സി. ജീവ ജോസ് എന്നിവർ പങ്കെടുത്തു. 26.09.2026 ന് തൃശ്ശൂർ അതിരൂപതയിലെ വൈദിക സമിതി അംഗങ്ങളുടെയും സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളുടെയും സംയുക്ത യോഗം തൃശൂർ ഡി ബി സി എൽ സിയിൽ നടത്തിയപ്പോൾ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസ്സിൻ തെരേസ് അതിരൂപതയുടെ പുതിയ മിഷനായ വിശാഖപട്ടണം എവുപ്രാസ്യ മിഷനെകുറിച്ചും അവിടത്തെ പ്രവർത്തനങ്ങളെയും കുറിച്ചും സംസാരിച്ചു.

എസ്.എ. ബി.എസ്.

ഒന്നിന് IInd year നോവീസസിന്റെ Social Awarness പ്രോഗ്രാം ചേറ്റുപുഴ ഹൗസിൽ വെച്ച് ആരംഭിച്ചു. ബഹു. സി. എൽസിന കള്ളിവളപ്പിൽ നയിക്കുന്ന അഭിഷേകമാരി ധ്യാനത്തിൽ സിസ്റ്റേഴ്സ് സംബന്ധിക്കുകയും ലിറ്റർജി കാര്യങ്ങളിൽ സഹായിക്കുകയും ചെയ്തു. നാലിന് സാമൂഹ്യപ്രവർത്തനങ്ങളുടെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സിസ്റ്റേഴ്സ് ആഴ്ചയിലൊരിക്കലുള്ള രോഗി സന്ദർശനം നടത്തി. അഞ്ചിന് ചേറ്റുപുഴ ഹൗസിൽ വച്ച് എസ്എബിഎസ് അസോസിയേറ്റ്സിന്റെ തിരുമണിക്കൂറിനും ക്ലാസിനും സിസ്റ്റേഴ്സ് നേതൃത്വം നൽകി. പ്രസ്തുത പരിപാടിയിൽ വചന മത്സരവും സമ്മാനവിതരണവും നടത്തി. അധ്യാപകദിനത്തിൽ എല്ലാ അധ്യാപകരെയും ബഹു. മദർ ആദരിച്ചു. എട്ടിന് പരിശുദ്ധ അമ്മയുടെ ജനനതിരുന്നാൾ എല്ലാ ഭവനങ്ങളിലും സമചിതമായി ആഘോഷിച്ചു. പതിനൊന്നിന് വേലുപ്പാടം ഭവനത്തിൽ ബഹു. മദർ കാനോനിക സന്ദർശനം നടത്തി. 5 ബാച്ചുകളിലായി സിസ്റ്റേഴ്സിന്റെ ബാച്ച് ഗാദറിങ് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി. തിരുമണിക്കൂർ, ക്ലാസ്, ഉല്ലാസ യാത്ര എന്നിവ പരിപാടിയെ ആഘോഷമാക്കി. 13 ന് താമരശ്ശേരിയിൽ വച്ച് നടന്ന സേഫ് ഗാർഡിങ് ട്രെയിനേഴ്സ് ട്രെയിനിങ് പ്രോഗ്രാമിൽ സിസ്റ്റേഴ്സ്

പങ്കെടുത്തു. ഭരത ഇടവകയിൽ കുട്ടികൾക്കായി നടത്തിയ ഗോഡ്സ് ചോയിസൺ programme ൽ സിസ്റ്റേഴ്സ് പങ്കെടുത്തു 14 ന് പ്രോവിൻസിന്റെ രജത ജൂബിലി വർഷത്തോടനുബന്ധിച്ച് പണിതീർത്ത കാരുണ്യ ഭവനിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി. ബഹു. മദറും കൗൺസിലേഴ്സും സന്നിഹിതരായിരുന്നു. ബഹു. മദർ പുതുക്കാട് കോൺവെന്റിൽ കാനോനിക വിസീത്ത നടത്തി. 15ന് Social Awarness പ്രോഗ്രാമിന്റെ ഭാഗമായി II year നോവിസസ് തീർത്ഥാടന യാത്ര നടത്തി. പതിനാറിന് കോടന്നൂർ ഭവനത്തിൽ ബഹു. മദർ കാനോനിക സന്ദർശനം നടത്തി. 18ന് വെളുത്തൂർ ഇടവകയിൽ Social Awarness പ്രോഗ്രാമിന്റെ ഭാഗമായ ത്രിദിനങ്ങളിലായി നോവിസസും സിസ്റ്റേഴ്സും Home Mission നടത്തി. കുടുംബ സന്ദർശനം, കൗൺസിലിംഗ്, ദിവ്യകാരുണ്യ സായാഹ്നം, ജപമാല തുടങ്ങിയവയ്ക്ക് സിസ്റ്റേഴ്സ് നേതൃത്വം നൽകി. 21ന് ചെന്നൈ AMET യൂണിവേഴ്സിറ്റി ഏർപ്പെടുത്തിയ ഗുരു രത്ന ടീച്ചേഴ്സ് അവാർഡ് 2026 ജിയോ തെരേസ് പനംകുളം കരസ്ഥമാക്കി. 22ന് ഓൾ കേരള സ്കൂൾ പ്രൊട്ടക്ഷൻ കൗൺസിൽ നേതൃത്വം കൊടുത്ത ശിക്ഷ സാമവേത 2026 സെമിനാറിൽ പ്രിൻസിപ്പൽമാരായ സി ലിൻസ മരിയ പാറേക്കാടൻ (നിർമ്മല മാതാ തൃശൂർ) സിസ്റ്റർ ജിയോ തെരേസ് പനംകുളം (നിർമ്മല മാതാ ഇയാൽ) അർഹരായി. 25ന് തൃശ്ശൂർ നിർമല മാതാ സ്കൂളിൽ Night vigil നടത്തി. വിവിധ ഭവന സമൂഹങ്ങളിൽനിന്ന് സിസ്റ്റേഴ്സ് സംബന്ധിച്ചു. Dimapur ൽ നടന്ന മിഷൻ ഇവാഞ്ചലൈസേഷൻ സാഫ് മീറ്റിങ്ങിൽ വികർ സി. ലിൻസ മരിയ പാറേക്കാടൻ കൗൺസിലർ ടെസ്മി തെക്കിനിയത്ത് എന്നിവർ പങ്കെടുത്തു. 26ന് ബിഷപ്പ് ഹൗസിൽ വെച്ച് നടന്ന മേജർ സുപ്പീരിയേഴ്സ് മീറ്റിങ്ങിൽ ബഹു. മദർ സംബന്ധിച്ചു 27ന് ചേറ്റുപുഴ ഹൗസിൽ വെച്ച് അതി രൂപത ലോഗോസ് ക്വിസ്സിൽ വിവിധ ഭവന സമൂഹങ്ങളിൽനിന്ന് സിസ്റ്റേഴ്സും സന്യാസ പരിശീലനത്തിൽ ഉള്ളവരും പരീക്ഷ എഴുതി.

സി.എം.സി.

സെപ്റ്റംബർ 1 ന് ആലുവ ജനറലേറ്റിൽ വെച്ച് നടന്ന GCPC Meeting ൽ പ്രൊവിൻഷ്യൽ കൗൺസിൽ സംബന്ധിച്ചു. 1 മുതൽ 7 വരെ കോലഴി സെന്റ് ബനഡിക്ട് ഇടവകയിൽ ഹോംമിഷൻ നടത്തി. സെപ്റ്റംബർ 4 ന് 2014 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ ആദ്യവ്രതം ചെയ്ത സിസ്റ്റേഴ്സിനും ജൂനിയേഴ്സിനും കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് Rev. Fr Siju (CRC) യുടെ നേതൃത്തിൽ ക്ലാസ്സും അഭിഷേകാരാധനയും നടത്തി. സെപ്റ്റംബർ 5 ന് വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുനാളിന്റെ എട്ടാമിടത്തോടനുബന്ധിച്ച്

നടന്ന ദിവ്യബലിയിൽ തീർഥകേന്ദ്രം റെക്ടർ റവ.ഫാ.ജോയ് ചിറ്റിലപ്പിള്ളി മുഖ്യ കാർമികത്വം വഹിച്ചു. സെപ്റ്റംബർ 12 ന് തൃശൂർ സി എം സി നിർമ്മല പ്രോവിൻസിന്റെ പ്രോവിൻസ് ഡേ വിവിധ പരിപാടികളോടെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. September മാസത്തിൽ സികെസി പാവറട്ടി, ലേഡി വിക്ടറി ചിയ്യാരം, ഹോളി റെഡിമേഴ്സ് നടത്തറ, സെന്റ് ജോൺ ഓഫ് ദ ക്രോസ് പുതുക്കാട് എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.സാലി പോൾ കാനോനിക സന്ദർശനം നടത്തി. 26 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിംഗ് നടത്തി. പ്രോവിൻസിന്റെ ക്രിസ്റ്റിൻ ടീം അംഗങ്ങൾ വിവിധ സ്കൂളുകളിൽ ക്രിസ്തൂസ് 2k26 Programme സംഘടിപ്പിച്ചു. Rhema Living Project ന്റെ ഭാഗമായി Inter School Competition സംഘടിപ്പിച്ചു. ഇതിൽ 19 School കൾ പങ്കെടുത്തു.

എഫ്.സി.സി

1-ാം തീയതി തൃശൂർ ബിഷപ്പ്സ് ഹൗസിൽവെച്ച് ബ. നോർബർട്ടമ്മയുടെ നാമകരണനടപടികളുടെ പ്രാരംഭമായി Priliminary Inquiry Commission ന്റെ ആദ്യത്തെ മീറ്റിംഗ് നടന്നു. ഫ്രാൻസിസ്കൻ വർഷാചരണത്തോടനുബന്ധിച്ച് മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ 5-ാം തീയതി, സംഘടിപ്പിച്ച ഫ്രാൻസിസ്കൻ കൺവെൻഷനിൽ, തൃശൂർ അതിരൂപതാ വികാരി ജനറാൾ മോൺ. ജോസ് കോനിക്കര വി. കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. 10-ാം തീയതി സെന്റ് ക്ലെയേഴ്സ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്കായി തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽവെച്ച് നടന്ന വചനാമൃതധ്യാനത്തിൽ 60 കുട്ടികൾ പങ്കെടുത്തു. ഫ്രാൻസിസ്കൻ വർഷാചരണത്തിന്റെ ഭാഗമായി മുണ്ടൂർ സെന്റ് ഫ്രാൻസീസ് അസ്സീസി കോൺവെന്റിൽ 12-ാം തീയതി ഉച്ചകഴിഞ്ഞ് 5 മണി മുതൽ ആരംഭിച്ച കൺവെൻഷൻ ബിഷപ്പ് എമിരിറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന വി. കുർബ്ബാനയോടെ ആരംഭിച്ചു. 14-ാം തീയതി കുട്ടംകുളം ആബ്ബാ കോൺവെന്റിൽവെച്ച് 12 അർത്ഥിനികൾ പ്രീ പോസ്റ്റുലൻസി ഒന്നാം ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചു. പുതുക്കിപണിത തൃശൂർ സെന്റ് ക്ലെയേഴ്സ് ഹയർ സ്കൂളിന്റെ വെഞ്ചെരിപ്പുകർമ്മവും ഉദ്ഘാടനവും 14-ാം തീയതി തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽവെച്ച് യുവജനങ്ങൾക്കായി സംഘടിപ്പിച്ച Awakening Holy Spirit പരിപാടിയിൽ വിവിധ ഇടവകകളിൽ നിന്നായി 35 വിദ്യാർത്ഥിനികൾ സംബന്ധിച്ചു. സെന്റ് ക്ലെയേഴ്സ് ഹയർ

സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്കായി തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽവെച്ച് 20-ാം തീയതി നടന്ന വചനാ മൃതധ്യാനത്തിൽ 52 കുട്ടികൾ പങ്കെടുത്തു. പ്രോവിൻസിൽനിന്ന് മരിച്ചുപോയ സിസ്റ്റേഴ്സിന്റെ ആത്മാനുകൂലാർത്ഥം 26-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് റവ. ഫാ. ബിൽജു വാഴപ്പിള്ളിയുടെ മുഖ്യകാർമ്മികത്വത്തിൽ റാസാ കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

സി. എസ്. എസ്.

പരിശുദ്ധ അമ്മയുടെ ജനനതിരുന്നാൾ ദിനം സെപ്റ്റംബർ 8-ാം തിയ്യതി സ്നേഹോദയ പ്രോവിൻസിന്റെ പ്രോവിൻസ് ഡേ സമുചിതമായി ആഘോഷിച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറൽ പെരിയ ബഹു. മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ആഘോഷമായ ദിവ്യബലിയർപ്പിച്ചു. അതിനോടനുബന്ധിച്ച് പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് 13 മണിക്കൂർ ആരാധനയും നടത്തപ്പെടുകയുണ്ടായി. പരിശുദ്ധ അമ്മയുടെ ജനനതിരുന്നാളിന് ഒരുക്കമായി 33 ദിവസത്തെ പരിശുദ്ധ അമ്മയോടുള്ള വിമലഹൃദയ പ്രതിഷ്ഠയും അഖണ്ഡജപമാലയും ജെറിക്കോ പ്രാർത്ഥനയും നടത്തപ്പെട്ടു. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേകൈതകാട്ട് സി.എം. ഐ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്ഥാപകപിതാവ് മോൺ പോൾ ചിറ്റിലപ്പിള്ളി താമസിച്ചിരുന്ന ഭവനത്തിൽ സെപ്ററംബർ 12 ന് പ്രാർത്ഥനയോടെ ചിലവഴിച്ചു. സെപ്ററംബർ 26 ന് ഡി. ബി. സി. എൽ. സി. യിൽ നടത്തപ്പെട്ട മീറ്റിങ്ങിന് സുപ്പീരി ജനറൽ ബഹു. സി. അൽഫോൻസ സി. എസ്. എസ് പങ്കെടുത്തു. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ഒന്നാം ചരമവാർഷികത്തിന് സ്നേഹാദരങ്ങൾ അർപ്പിച്ചുകൊണ്ട് സെപ്ററംബർ 18 ന് നടത്തിയ ദിവ്യബലിയിലും സിസ്റ്റേഴ്സ് പങ്കെടുത്തു.

സി. എസ്. സി.

2026 സെപ്റ്റംബർ 6നു കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു പ്രൊവിൻഷ്യൽ പ്ലീനറി കൗൺസിൽ മീറ്റിംഗ് നടത്തി.

CSC സഹയാത്രയുടെ ഭാഗമായി 2026 സെപ്റ്റംബർ 24 -ന് മണലൂർ മുല്ലശ്ശേരി തൊയ്ക്കാവ് എന്നീ സ്ഥലങ്ങളിലെ രോഗികളെ സന്ദർശിച്ചു.

ആദരാഞ്ജലികൾ



സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ് മുക്കാട്ടുകര ബെത്‌ലെഹം ഭവനാംഗമായ സി.ലിസിയ (85) അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 24.09.2026, വ്യാഴാഴ്ച രാവിലെ 08.00 ന് കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. സംസ്കാരകർമ്മം വൈകീട്ട് 05.30 ന് തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മുക്കാട്ടുകര ബെത്‌ലേഹം കോൺവെന്റ് ചാപ്പലിൽ വച്ച് നടത്തപ്പെട്ടു.



സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ് ഒളരിക്കര ഹോളി ഫാമിലി ഭവനാംഗമായ സി. മരീന (85) അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 01.10.2026, വ്യാഴാഴ്ച രാവിലെ 04.00 ന് കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. സംസ്കാരകർമ്മം വൈകീട്ട് 4.00 ന് അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒളരി ഹോളി ഫാമിലി കോൺവെന്റ് ചാപ്പലിൽ നടത്തപ്പെട്ടു.



സെന്റ് ജോർജ് കണിമംഗലം മഠാംഗമായ സിസ്റ്റർ അനിത സി എം സി 6/09/2026 ഉച്ചക്ക് 12.15 ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. എമിരറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ മൃത സംസ്കാരകർമങ്ങൾ നിർവഹിച്ചു.



ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് ഭവനാംഗമായ സി. റൊസീല 2026 സെപ്റ്റംബർ 30-ാം തീയതി രാവിലെ 8.45 ന് നിര്യാതയായി. ഒക്ടോബർ 1-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 4.00 മണിക്ക് തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് കോൺവെന്റ് ചാപ്പലിൽ നടത്തപ്പെട്ടു.



മുളയം നിർമ്മലദാസി സമർപ്പിത സമൂഹാഗം സിസ്റ്റർ ത്രേസ്യാമ്മ വെട്ടിയാട്ടിൽ SNDS (78), 2026 ഒക്ടോബർ ഒന്നിന് രാവിലെ 8.45-ന് നിര്യാതയായി. മൃത സംസ്കാര ശുശ്രൂഷകൾ ഒക്ടോബർ ഒന്നിന് ഉച്ചതിരിഞ്ഞ് 5 മണിക്ക് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മുളയം നിർമ്മല ഭവൻ നോവിഷ്യേറ്റ് ഹൗസിൽ നടത്തപ്പെട്ടു.



കുരിയച്ചിറ സെന്റ് പോൾസ് മഠാംഗമായ സി. തെരേസ് ലിംസി 16/09/2026 ന് പുലർച്ച 5.45 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. എമിരറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ മൃത സംസ്കാരകർമങ്ങൾ നിർവഹിച്ചു.

ഫാ. സിജോ പൈനാടത്ത് OFM.Cap
പ്രസിഡണ്ട്

സി. ജോളി ചിറ്റിലപ്പിള്ളി FCC
സെക്രട്ടറി

മേരിമാതാ മേജർ സെമിനാരി

ഒന്നാം സെമസ്റ്റർ പരീക്ഷകൾ

ഈ അധ്യയനവർഷത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ 12 മുതൽ 18 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു

മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ഓർമ ആചരണം

അതിരൂപതയുടെ മുൻ മെത്രാപ്പോലീത്തയും മേരിമാത സെമിനാരിയുടെ സ്ഥാപകപിതാവുമായ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് സെപ്റ്റംബർ 17 വ്യാഴാഴ്ച വിശുദ്ധ കുർബാനയ്ക്ക് ബഹു. സെബാസ്റ്റ്യൻ ചാലക്കൽ അച്ചൻ പ്രധാനകാർമ്മികത്വം വഹിക്കുകയും ബഹു. സിജോൺ കുഴിക്കാട്ടുമാലിൽ അച്ചൻ വചനസന്ദേശം നൽകുകയും ചെയ്തു. ബഹു. ഹാഡ്‌ലി നീലങ്കാവിൽ അച്ചൻ ഒപ്പീസ് അർപ്പിച്ചു പ്രാർത്ഥിച്ചു.

മാസധ്യാനം

അവധിക്ക് മുൻപായി സെപ്റ്റംബർ 18, 19 തീയതികളിൽ സെപ്റ്റംബർ മാസത്തെ ധ്യാനം നടന്നു. സെപ്റ്റംബർ 18 രാത്രി 9:00 മണിക്ക് ബഹു. ഷിന്റോ SDV അച്ചൻ ധ്യാനചിന്തകൾ പങ്കുവച്ചു. സെപ്റ്റംബർ 19 ശനിയാഴ്ച ബഹു. ഷിന്റോ അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ചു, ധ്യാനചിന്തകൾ പങ്കുവച്ചു.

മിഷൻ എക്സ്പോഷർ

സെപ്റ്റംബർ 19ന് രണ്ടാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ മിഷൻ എക്സ്പോഷർ പ്രോഗ്രാം ആരംഭിച്ചു. ബഹു. ടൈസൺ മണ്ടുംപാൽ അച്ചൻ, ബഹു. നിധിൻ അലക്കാത്തടത്തിൽ അച്ചൻ എന്നിവരുടെ നേതൃത്വത്തിൽ ജഗ്ദൽപൂർ രൂപതയുടെ മിഷൻ പ്രദേശങ്ങളിലേക്കാണ് യാത്രയായത്.

വർക്ക് എക്സ്പോഷർ

മറ്റു ദൈവശാസ്ത്ര-തത്ത്വശാസ്ത്ര വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 21 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ വർക്ക് എക്സ്പോഷർ പ്രോഗ്രാം നടത്തപ്പെട്ടു. ബഹു. വൈദികർ അവരെ തൊഴിലിടങ്ങളിൽപോയി സന്ദർശിച്ചു, പ്രോത്സാഹിപ്പിച്ചു.

അവധികാലം

വർക്ക് എക്സ്പോഷറിനും മിഷൻ എക്സ്പോഷറിനും ശേഷം സെപ്റ്റംബർ അവസാനത്തോടുകൂടി വിദ്യാർത്ഥികൾക്കായി അവധി നൽകി. തുടർന്ന് സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 5 വരെയുള്ള ദിവസങ്ങളിൽ എല്ലാ സെമിനാരി വിദ്യാർത്ഥികളും അവധിയ്ക്കായി വീടുകളിലേയ്ക്ക് പോയി.

വാർഷിക ധ്യാനം

അവധിക്കുശേഷം ഒക്ടോബർ 5ന് വൈദികവിദ്യാർത്ഥികൾ തിരികെ സെമിനാരിയിൽ എത്തി. ഒക്ടോബർ 5 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ വിദ്യാർത്ഥികളുടെ വാർഷികധ്യാനം നടന്നു. വാർഷികധ്യാനം നയിച്ചതും പ്രാർത്ഥനശുശ്രൂഷകൾക്ക് നേതൃത്വം നൽകിയതും ബഹു. അരുൺ ഇലവുങ്കൽ OFM Cap. അച്ചനാണ്. ഇതുവഴി വൈദികവിദ്യാർത്ഥികൾക്ക് ആഴമേറിയ ധ്യാനം പരിശീലിക്കാനും സാധിച്ചു.

ബെഴ്സ് സ്ഥാപിച്ചവർ

Individual Wellwisher Membership

ശ്രീമതി മാഗി ആന്റണി, പാലയൂർ ഹൗസ്, കുന്നത്തങ്ങാടി, വെളുത്തൂർ പി. ഒ. , തൃശൂർ, 680 012.

ശ്രീ. വർഗീസ് ടി.പി., തച്ചുപറമ്പിൽ ഹൗസ്, വെസ്റ്റ് ചാലക്കുടി പി. ഒ., തൃശൂർ, 680 307.

ഫാ. സെബാസ്റ്റ്യൻ ചാലക്കൽ

റെക്ടർ

സെന്റ് മേരീസ് മൈനർ സെമിനാരി

ആത്മീയ പരിശീലനം (Spiritual Formation)

പ്രതിമാസ ധ്യാനം (Monthly Recollection): സെമിനാരി വിദ്യാർത്ഥികൾക്കായി 2026 സെപ്റ്റംബർ 12, ഒക്ടോബർ 10 എന്നീ തീയതികളിൽ പ്രതിമാസ ധ്യാനങ്ങൾ സംഘടിപ്പിച്ചു. ആത്മീയ ചൈതന്യത്തിലും ദൈവവിളിയിലുമുള്ള ആഴപ്പെടലിന് ഉതകുന്ന ധ്യാനചിന്തകളും പ്രാർത്ഥനാ ശുശ്രൂഷകളും ഈ ദിനങ്ങളിൽ ക്രമീകരിച്ചിരുന്നു.

വാർഷിക ധ്യാനം (Annual Retreat): മൈനർ സെമിനാരി

വിദ്യാർത്ഥികളുടെ വാർഷിക ധ്യാനം സെപ്റ്റംബർ 21 മുതൽ 25 വരെ ഭക്തിസാന്ദ്രമായി മൈനർ സെമിനാരിയിൽവെച്ചു നടത്തപ്പെട്ടു. ബഹുമാനപ്പെട്ട പ്രിൻസ് തെക്കേതിൽ അച്ചൻ ധ്യാനം നയിച്ചു. നിശ്ശബ്ദതയിലും പ്രാർത്ഥനയിലും ചെലവഴിച്ച ഈ ദിനങ്ങൾ ബ്രദർമാരുടെ ദൈവവിളി നവീകരണത്തിനും ആത്മീയ ചൈതന്യത്തിനും പുതിയ ദിശാബോധം നൽകി.

മിഷൻഞായർ ആചരണം (Mission Day Observance): 2026 ഒക്ടോബർ 11-ന് സെമിനാരിയിൽ മിഷൻ ദിനം സമുചിതമായി ആചരിച്ചു. വിശാഖപട്ടണം മിഷനിൽ നിന്നെത്തിയ ബഹുമാനപ്പെട്ട ജിജോ എടക്കളത്തൂർ അച്ചൻ വിശുദ്ധ കുർബാനയിൽ മുഖ്യകാർമികത്വം വഹിക്കുകയും പ്രേഷിത സന്ദേശം നൽകുകയും ചെയ്തു. സുവിശേഷപ്രഘോഷണ ദൗത്യത്തെക്കുറിച്ചുള്ള പ്രത്യേക ചിന്തകളും മിഷൻ പ്രവർത്തനങ്ങളെ അനുസ്മരിച്ചുള്ള പ്രാർത്ഥനകളും സെമിനാരി സമൂഹത്തിൽ പ്രേഷിത ചൈതന്യം ഉണർത്താൻ ഇടയാക്കി. മിഷൻ നിധി സമാഹരണാർത്ഥം സെമിനാരി വിദ്യാർത്ഥികൾ പച്ചക്കറികളും വിവിധ സാമഗ്രികളും സംഭാവനകളും ശേഖരിക്കുകയും, കുട്ടികൾക്കായുള്ള വിനോദ കളികൾ (games), ഫുഡ് കോർട്ട്, വിവിധ സ്റ്റാളുകൾ എന്നിവ ക്രമീകരിക്കുകയും ചെയ്തു. വിശ്വാസികളുടെയും കുട്ടികളുടെയും സജീവ പങ്കാളിത്തം ഈ ഉദ്യമത്തെ ഏറെ വിജയകരമാക്കി.

അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യവും ക്ലാസുകളും (Episcopal Visits & Formation Classes) സെപ്റ്റംബർ 16 (ബുധൻ), ഒക്ടോബർ 14 (ബുധൻ): എന്നീ ദിവസങ്ങളിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വിശുദ്ധ കുർബാനയർപ്പിക്കുകയും തുടർന്ന് ക്ലാസ് നയിക്കുകയും ചെയ്തു. ആത്മീയ പക്വതയെയും വൈദികാർത്ഥികളുടെ ജീവിതശൈലിയെയും കുറിച്ച് പിതാവ് നൽകിയ ഉദ്ബോധനങ്ങൾ വിദ്യാർത്ഥികൾക്ക് ഏറെ പ്രചോദനമായി.

പൗരോഹിത്യ ജൂബിലി ആഘോഷങ്ങൾ (Sacerdotal Jubilee Celebrations)

സെപ്റ്റംബർ 19 (ശനി): തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയും, മൈനർ സെമിനാരി റെക്ടർ, ജോയ് പുത്തൂർ അച്ചന്റെ പൗരോഹിത്യ രജത ജൂബിലിയും മൈനർ സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. രാവിലെ 10:30-ന് അഭിവന്ദ്യ പിതാവിന്റെയും ജൂബിലിയേറിയൻ റെക്ടറച്ചന്റെയും മുഖ്യകാർമികത്വത്തിൽ ആഘോഷമായ കൃതജ്ഞതാബലി അർപ്പിക്കപ്പെട്ടു. തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരുന്നു.

ശുശ്രൂഷാ ജീവിതത്തിലൂടെ നൽകിയ നിസ്വാർത്ഥ സേവനങ്ങളെ നന്ദിയോടെ അനുസ്മരിച്ചുകൊണ്ട് സെമിനാരി സമൂഹവും വൈദികരും വിശ്വാസികളും ജൂബിലിയേറിയൻമാർക്ക് ആശംസകളും പ്രാർത്ഥനകളും നേർന്നു.

ഹോം ഡേ, ആർച്ച്ബിഷപ്പ്സ് ഡേ:

2026 ഒക്ടോബർ 31 (ശനി): സെന്റ് മേരീസ് മൈനർ സെമിനാരിയിൽ 'ഹോം ഡേ'യോടും 'ആർച്ച്ബിഷപ്പ്സ് ഡേ'യോടും അനുബന്ധിച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 11:00-ന് കൃതജ്ഞതാ ബലി നടന്നു. സെമിനാരി കുടുംബം പിതാവിന് ആശംസകൾ നേരുകയും പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്തു. തുടർന്ന് 12:30-ന് സ്നേഹവിരുന്നും വൈകുന്നേരം 6:00-ന് കലാപരിപാടികളോടെ സാംസ്കാരിക സന്ധ്യയും അരങ്ങേറി.

മാതാപിതാക്കളുടെ സന്ദർശനം (Visitors' Days)

ഒന്നാം വർഷ വിദ്യാർത്ഥികൾക്ക്: ഒന്നാം വർഷ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കായി സെപ്റ്റംബർ 13, ഒക്ടോബർ 18 തീയതികളിൽ ഉച്ചകഴിഞ്ഞ് 2:00 മുതൽ 5:00 വരെ സന്ദർശന സമയം ക്രമീകരിച്ചു. സെമിനാരിയിലെ പുതിയ ചുറ്റുപാടുകളുമായി പൊരുത്തപ്പെടുന്ന വിദ്യാർത്ഥികൾക്ക് കുടുംബാംഗങ്ങളുമായുള്ള ഈ കൂടിച്ചേരൽ വലിയ ആശ്വാസവും ആത്മവിശ്വാസവും പകർന്നു.

രണ്ടും മൂന്നും വർഷ വിദ്യാർത്ഥികൾക്ക്: രണ്ടും മൂന്നും വർഷ വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 27, ഒക്ടോബർ 25 തീയതികളിൽ ഉച്ചകഴിഞ്ഞ് 2:00 മുതൽ 5:00 വരെ സന്ദർശന ദിനങ്ങൾ നടത്തി. മക്കളുടെ പരിശീലന പുരോഗതി വിലയിരുത്താനും വൈദിക-പരിശീലകരുമായി സംവദിക്കാനും മാതാപിതാക്കൾക്ക് ഈ അവസരം ഏറെ പ്രയോജനപ്പെട്ടു.

ഏകദിന ജീവിതമാർഗദർശക സെമിനാറുകൾ (Life Guidance Seminars)

വിവിധ ക്ലാസുകളിലെ ആൺകുട്ടികൾക്കായി മൈനർ സെമിനാരിയിൽവെച്ച് സംഘടിപ്പിക്കുന്ന ജീവിതമാർഗദർശക സെമിനാറുകൾ:

- സ്റ്റാൻഡേർഡ് IX: നവംബർ 07 (ശനി)
- സ്റ്റാൻഡേർഡ് X, XII: നവംബർ 14 (ശനി)
- സ്റ്റാൻഡേർഡ് VIII: നവംബർ 28 (ശനി)

നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകയിലേയും ആൺകുട്ടികൾ ഈ അവസരം പ്രയോജനപ്പെടുത്തുന്നുവെന്ന്

ഉറപ്പുവരുത്തുവാൻ, ബഹുമാനപ്പെട്ട വികാരി അച്ചന്മാരുടെ പ്രത്യേക പ്രോത്സാഹനവും സഹകരണവും പ്രതീക്ഷിക്കുന്നു.

ബേഴ്സ് സ്ഥാപിച്ചവർ:

1. ശ്രീ. ജെയിംസ് ടി. പി., തെക്കേക്കര വീട്, മനക്കൊടി
2. വികാരിയച്ചനും ഇടവകാംഗങ്ങളും, സെന്റ് ജോൺ നെപും സിയൻ ഫൊറോന പള്ളി, പറപ്പൂർ.
3. ശ്രീ. ജെസ്സിൻ, ശ്രീമതി അന്ന ജിൻസി, ജോഹാൻ, ജെഹാൻ, കുണ്ടുകുളങ്ങര വീട്, പറപ്പൂർ.
4. ശ്രീമതി മേരി ലാസർ, ചിറ്റിലപ്പിള്ളി കുന്നത്ത് വീട്, പറപ്പൂർ.
5. ശ്രീ. ജോൺസൺ പാണേങ്ങാടൻ വീട്, പറപ്പൂർ.
6. ശ്രീമതി നീന പ്രിൻസ്
7. ശ്രീ. ജോൺ സി. കെ., ചിറ്റിലപ്പിള്ളി വീട്, മുണ്ടൂർ.
8. കുമാരി ജ്വാലന ജെയ്സൺ (D/o ജെയ്സൺ ടി. പി.), തൂക്കടം വീട്, പൂച്ചുന്നിപ്പാടം.
9. ശ്രീ. സേവ്യർ ഫ്രാൻസിസ്, യു. എസ്. എ.
10. ശ്രീമതി റോസി ദേവസി, തെക്കേപ്പീടിക വീട്, പെരിങ്ങോട്ടുകര.

സ്നേഹപൂർവ്വം സഹായിച്ച എല്ലാ ഉപകാരികളെയും നന്ദിയോടെ ഓർക്കുന്നു; ദൈവം സമൃദ്ധിയുടെ അനുഗ്രഹം വർഷിക്കട്ടെ.

ഫാ. ജോയ് പുത്തൂർ, റെക്ടർ

വിശ്വാസ പരിശീലനം

കുട്ടികൾക്കുള്ള കത്ത്

ഈശോയേയിൽ എത്രയും സ്നേഹനിറഞ്ഞ പ്രിയ കൂട്ടുകാരെ,

എല്ലാവർക്കും ആദ്യമേ തന്നെ ഈശോയുടെ നാമത്തിൽ സ്നേഹവും ആശംസകളും പ്രാർത്ഥനകളും നേരുന്നു!

എല്ലാവർക്കും സുഖമാണോ? സുഖമാണെന്ന് വിശ്വസിക്കുന്നു. എല്ലാവരും കഴിഞ്ഞ ഒരു മാസക്കാലം ജപമാല ഭക്തിയിൽ ആഴപ്പെട്ടുവെന്ന് ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധ അമ്മയുടെ പ്രത്യേക മാധ്യസ്ഥം നിങ്ങൾക്കെല്ലാവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വിശുദ്ധിയുടെയും പ്രത്യാശയുടെയും ഓർമ്മകൾ ഉണർത്തുന്ന നവംബർ മാസത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഈ മാസം വളരെ വിശേഷപ്പെട്ടതാണ്. നവംബർ ഒന്നിന് നമ്മൾ എണ്ണമറ്റ വിശുദ്ധരുടെ തിരുനാളായ 'സകല വിശുദ്ധരുടെയും ദിനവും' (All Saints' Day), രണ്ടാം തീയതി വേർപിരിഞ്ഞുപോയ നമ്മുടെ പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്കായി' 'സകല ആത്മാക്കളുടെയും ദിനവും' (All Souls' Day) ആചരിക്കുകയാണ്.

നമ്മുടെ എല്ലാവരുടെയും ജീവിതലക്ഷ്യത്തെ കുറിച്ചുള്ള മനോഹരമായ ഓർമപ്പെടുത്തലാണ് ഈ തിരുനാളുകൾ നമുക്ക് നൽകുന്നത്. നവംബർ മാസം വിശുദ്ധിയെക്കുറിച്ച് സ്വപ്നം കാണാനും, വിശുദ്ധരായി ജീവിക്കാൻ ഉറച്ച തീരുമാനമെടുക്കാനുമുള്ള സമയമാണ്. 'ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ' (1 പത്രോസ് 1:16) എന്ന് ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. വിശുദ്ധിയാണ് നമ്മുടെ ജീവിതത്തിന്റെ സുപ്രധാന ലക്ഷ്യം. നമുക്ക് മുൻപേ വിശുദ്ധരായായി ജീവിച്ചു ഇന്ന് അൾത്താരയിൽ വണങ്ങപ്പെടുന്ന വിശുദ്ധർ നമുക് മുൻപിൽ നല്ല മാതൃകകളായി നിലകൊള്ളുന്നുണ്ട്. കുഞ്ഞുന്നാൾ മുതലേ വിശുദ്ധരാകാനുള്ള സ്വപ്നം നമ്മുക്ക് വേണം. എന്ത് ചെയ്താലും അതെല്ലാം ജീവിത വിശുദ്ധിയോടെ ചെയ്യാൻ പരിശ്രമിക്കുമ്പോഴാണ് നമ്മളെല്ലാവരും വിശുദ്ധരായി തീരുന്നത്. അവനും അവൾക്കും വിശുദ്ധരാകാമെങ്കിൽ എന്തുകൊണ്ട് എനിക്കും ഒരു വിശുദ്ധനും വിശുദ്ധയും ആയിക്കൂടാ എന്ന വിചിന്തനം നമുക്കുണ്ടാകണം.

അമർത്യവും മഹത്വപൂർണ്ണവുമായ നിത്യജീവനെക്കുറിച്ച് ചിന്തിക്കാൻ കൂടി ഈ മാസം നമ്മെ ക്ഷണിക്കുന്നു. മരണത്തോടെ തീരുന്നതല്ല നമ്മുടെ ജീവിതം; മറിച്ച്, ശാരീരിക മരണത്തിലൂടെ നമ്മുടെ ആത്മാവ് ദൈവത്തോടൊപ്പമുള്ള നിത്യജീവൻ കൈവരിക്കാൻ സജ്ജമാകണം. അതിന് വിശുദ്ധിയിലുള്ള ജീവിതം നമ്മെ സഹായിക്കും. 'വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധിക്കുകയില്ല' (ഹെബ്രാ 12 :14). ക്രിസ്തീയ ജീവിതം മരണത്തിന്റെ വഴിയിലുള്ള യാത്രയല്ല, മറിച്ച് ദൈവത്തോടൊപ്പമുള്ള നിത്യമായ ജീവനിലേക്കുള്ള മഹത്തായ പ്രയാണമാണ്. 'എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും' (യോഹന്നാൻ 11:25) എന്ന ഈശോയുടെ വാക്കുകൾ നമ്മുടെ ഹൃദയങ്ങളിൽ വലിയ പ്രത്യാശ നിറയ്ക്കട്ടെ.

ഈ മാസത്തിൽ തന്നെയാണല്ലോ നമ്മളെല്ലാവരും ലോക ശിശുദിനവും ആചരിക്കുന്നത്. സഭയ്ക്കും സമൂഹത്തിനും നിങ്ങളോടുള്ള വലിയ സ്നേഹവും ഉത്തരവാദിത്തവും ഓർമ്മിപ്പിക്കുന്ന ദിനമാണിത്. നിങ്ങളാണ് നമ്മുടെ സഭയുടെയും ലോകത്തിന്റെയും നാളെയുടെ പ്രത്യാശയും പുതിയ തലമുറയും. അതുകൊണ്ടുതന്നെ, നിങ്ങളെ ഏതുവിധത്തിലുള്ള തിന്മകളിൽ നിന്നും സുരക്ഷിതരായി സംരക്ഷിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും കടമയാണ്. തിരുസഭ നിങ്ങളെ ചേർത്തുപിടിക്കുകയും നിങ്ങളുടെ സുരക്ഷിതത്വത്തിനായി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിശുദ്ധ ഗ്രന്ഥം പറയുന്നതുപോലെ, 'കുട്ടികൾ കർത്താവിന്റെ സമ്മാനമാണ്; ഉദരഫലം ഒരു സമ്മാനവും' (സങ്കീർത്തനങ്ങൾ 127:3).

ഈശോയിൽ എനിക്ക് എത്രയും പ്രിയപ്പെട്ട കുഞ്ഞു കൂട്ടുകാരെ, ദൈവം നിങ്ങൾക്കായി നൽകിയിരിക്കുന്ന ഈ ബാല്യകാലം വിശുദ്ധിയിലും ദൈവസ്നേഹത്തിലും വളരാൻ ഉപയോഗിക്കണം. കുഞ്ഞു കുഞ്ഞു നല്ല കാര്യങ്ങൾ ചെയ്ത് പ്രാർത്ഥനകളിലൂടെയും പ്രവർത്തികളിലൂടെയും ഈ ലോകത്തിന് വെളിച്ചമായി മാറാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. മാതാപിതാക്കളെ അനുസരിച്ചും അധ്യാപകരെ ബഹുമാനിച്ചും ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവഹിച്ചും വിശുദ്ധിയിൽ വളരാനും അങ്ങനെ സ്വർഗത്തിൽ എത്തിച്ചേരാനും വിശുദ്ധരായി അൾത്താരകളിൽ വണങ്ങപ്പെടാനും ആവശ്യമായ കൃപ പരിശുദ്ധാത്മാവ് നിങ്ങൾക്ക് നൽകട്ടെ.

ഈശോയുടെയും പരിശുദ്ധ അമ്മയുടെയും വലിയ അനുഗ്രഹവും സംരക്ഷണവും നിങ്ങളോടുകൂടെ എപ്പോഴുമുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം,

മാർ ആൻഡ്രൂസ് താഴത്ത്

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

വിശ്വാസപരിശീലനകേന്ദ്ര വാർത്തകൾ

ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ:

2026-27 അധ്യയന വർഷത്തിലും ആദ്യപകുതി നമ്മൾ പൂർത്തിയാക്കി. ഈ കഴിഞ്ഞ മാസങ്ങളിൽ വിശ്വാസപരിശീലനം ഏറ്റവും ഫലപ്രദമായും ദൈവാനുഗ്രഹപ്രദമായും യുണിറ്റുകളിൽ നടത്താൻ നേതൃത്വം നൽകിയ ബഹു ഡയറക്ടറച്ചന്മാർക്കും പ്രിൻസിപ്പൽമാർക്കും വിശ്വാസപരിശീലന സ്റ്റാഫ് കൗൺസിൽ അംഗങ്ങൾക്കും അഭിനന്ദനങ്ങളും നന്ദിയും രേഖപ്പെടുത്തുന്നു. അധ്യയനവർഷത്തിന്റെ തുടർന്നുള്ള മാസങ്ങളും കൂടുതൽ തീക്ഷ്ണതയോടെ ഫലപ്രദമാക്കുവാൻ പ്രാർത്ഥനാശംസകൾ നേരുന്നു.

1. ഏകദിന സെമിനാർ

നഴ്സറിയിലെയും ഒന്നാം ക്ലാസ്സുകളിലെയും വിശ്വാസപരിശീലകർക്ക് ഒക്ടോബർ 4, 11 തിയതികളിലായി ഏകദിന സെമിനാറുകൾ നടന്നു. റവ. ഡോ. സൈജോ തൈക്കാട്ടിൽ, റവ. ഡോ. ടൈസൺ മണ്ടുംപാൽ, ശ്രീമതി ദീപ്തി ലിജോ, ശ്രീമതി സ്റ്റിജി ജോസ് ടി., ശ്രീമതി ഷൈബി ആന്റോ എന്നിവർ ക്ലാസ്സുകൾ നയിച്ചു. അധ്യാപക സഹായിയുടെ ഉപയോഗം, ലെസൺ പ്ലാനിങ്ങ്, പാഠപുസ്തകങ്ങളുടെ അവതരണം, ക്ലാസ്സ് പി.ടി.എ.യെക്കുറിച്ചുള്ള അവതരണം എന്നിവ ഉണ്ടായിരുന്നു. 2 ആഴ്ചകളിലായ് 450 വിശ്വാസപരിശീലകർ പങ്കെടുത്തു.

2. പ്രിൻസിപ്പൽ കോൺഫറൻസ്

മാർ ടോണി നീലങ്കാവിൽ പിതാവിന്റെ അധ്യക്ഷതയിൽ പ്രിൻസിപ്പൽ കോൺഫറൻസ് നടന്നു. സുദീർഘമായ കാലയളവിൽ ഡി.ബി.സി.എൽ.സി. യുടെയും വിശ്വാസപരിശീലനത്തിന്റെയും ഡയറക്ടറായി സേവനം ചെയ്ത ബഹു. ലോറൻസ് ഒലക്കേങ്കിലച്ചന് ആദരാഞ്ജലികൾ അർപ്പിച്ചു പ്രാർത്ഥിച്ചു. റവ. ഫാ. സൈജോ തൈക്കാട്ടിലിന്റെ നേതൃത്വത്തിൽ വിശ്വാസപരിശീലന ശുശ്രൂഷയുമായി ബന്ധപ്പെട്ട് വരുംമാസങ്ങളിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിയിപ്പുകൾ പങ്കുവെച്ച് തുടർന്ന് ചർച്ചകളും നടത്തുകയും ചെയ്തു. 210 പ്രിൽസിപ്പൽമാർ പങ്കെടുത്തു.

3. ക്രിസ്ഫോം

എ.സി.സി., 12 ക്ലാസ്സുകാർക്കുള്ള ക്രിസ്തീയ ജീവിത പരിശീലന പരിപാടിയായ ക്രിസ്ഫോം-1 ന്റെ തുടർപരിശീലനമായ ക്രിസ്ഫോം-2ൽ പങ്കെടുത്ത 23 പേർക്ക് പ്രാർത്ഥന

പരിശീലനത്തിന്റെ ക്ലാസുകൾ നൽകി. ക്രിസ്ഫോം-1 ബാച്ച് 6, 7 സെപ്തംബർ 18-20, 25-27 തിയതികളിലായി ഡി.ബി.സി.എൽ. സി.യിൽ വെച്ച് നടന്നു. 68 വിദ്യാർത്ഥികൾ പങ്കെടുത്തു. സർട്ടിഫിക്കറ്റുകൾ നൽകി.

4. സംവാദസദസ്സ്

സംവാദസദസ്സ് കഴിഞ്ഞ വർഷം നടക്കാതെ പോയ ഇടവകകളിൽ നവംബർ, ഡിസംബർ മാസങ്ങളിലായി അത് നടക്കുന്നതാണ്.

5. ഉപപാഠപുസ്തക പ്രകാശനം

ഒക്ടോബർ 5-ന് ഡി. ബി. സി. എൽ. സി. യിൽ വെച്ച് നടന്ന വൈദികസമ്മേളനത്തിൽ 5, 6 ക്ലാസ്സുകളിലേക്കുള്ള ഉപപാഠ പുസ്തകം അതിരൂപതാമെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. റവ. ഫാ. സൈജോ തൈക്കാട്ടിൽ പുസ്തകങ്ങളെ സദസ്സിന് പരിചയപ്പെടുത്തി.

6. അർദ്ധവാർഷിക പുനപരീക്ഷ മാർക്ക് എൻട്രി:

മാറ്റിവച്ച പരിക്ഷകളുടെയും പുനപരീക്ഷകളുടെയും മാർക്ക് ലിസ്റ്റ് സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യാനുള്ള തിയതി നവംബർ 23 ആണ്.

7. മിശിഹായുടെ രാജത്വതിരുനാൾ - നവംബർ 23

എല്ലാ യൂണിറ്റുകളിലും മിശിഹായുടെ രാജത്വതിരുനാൾ വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് മുടക്കം വരാതെ ആഘോഷിക്കേണ്ടതാണ്.

8. ആപ്റ്റിറ്റ്യൂഡ് പഠനം

1. നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം: അർത്ഥവും അർത്ഥതലങ്ങളും.
2. സമുദായശക്തീകരണവുമായി ബന്ധപ്പെട്ട ലഘുലേഖ പഠനഭാഗങ്ങൾ വിശദീകരിക്കാൻ ഗൂഗിൾ മീറ്റിലും യുട്യൂബിൽ ലൈവ് ആയും ക്ലാസ്സുകൾ നടത്തുകൊണ്ടുരിക്കുന്നു.

നവംബർ മാസത്തെ ക്ലാസ്സിന്റെ തിയതികൾ: നവംബർ 10, 24.

സമയം 08.30 PM - 09.30 PM.

നവംബർ മാസത്തിൽ ക്ലാസ്സ് നയിക്കുന്നത്: റവ. ഡോ. സെബാസ്റ്റ്യൻ ചാലക്കൽ

9. ആപ്റ്റിറ്റ്യൂഡ് പരീക്ഷ:

ഇടവകതലം – ഡിസംബർ 6 –സമയം – 03.PM - 4.30 PM

യൂണിറ്റുതല പരീക്ഷയുടെ മാർക്ക് എൻട്രി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുകയും അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കുന്ന അധ്യാപകരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യേണ്ട അവസാന തിയതി : ഡിസംബർ 14

അതിരൂപത തലം – ഡിസംബർ 20 – സമയം – 02.30PM - 4.30 PM,

സ്ഥലം – ഡി. ബി. സി. എൽ. സി.

യോഗ്യത: യൂണിറ്റ് തലത്തിൽ 50 മാർക്കിൽ 45 ഉം അതിൽ കൂടുതലും (90 ശതമാനം/അതിൽ കുടുതലും) മാർക്ക് ലഭിച്ച അധ്യാപകർക്ക് അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

ഡിസംബർ 18 –ാം തിയതി മുതൽ സോഫ്റ്റ് വെയറിൽ നിന്നും ഹാൾടിക്കറ്റ് പ്രിന്റ് എടുക്കാവുന്നതാണ്.

പരീക്ഷക്ക് വരുന്ന അധ്യാപകരുടെ കൈവശം ആവശ്യമായ ഒപ്പുകൾ സഹിതം ഹാൾടിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

ആപ്റ്റിറ്റ്യൂഡ് പുന:പരീക്ഷ:

ഡിസംബർ 20 – സമയം 03.30 PM - 4.30 PM ഇടവകയിൽ

ഫാ. സൈജോ തൈക്കാട്ടിൽ,
ഡയറക്ടർ

INSTITUTE OF THEOLOGY

TRICHUR D B C L C

(Phone : 0487- 2333245, Mob : 9188131341)

1. കോഴ്സുകൾ

a. B.A. in Theology and Religious Studies (Three Years)

ഫസ്റ്റ് സെമസ്റ്ററിലെ Ecclesiology (Rev. Dr. Saijo Thaikkattil), Introduction to Theology and Theological Method (Rev. Dr. Lijo Chalissery), History of Philosophy (Rev. Dr. Sinto Porathur), എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

b. Certificate Course in Theology (One Year)

ഒക്ടോബർ 4, 18 തിയ്യതികളിൽ ക്രിസ്തുവിജ്ഞാനീയം (Rev. Dr. Sebastian Chalackal), വി. പൗലോസിന്റെ ലേഖനങ്ങൾ (Rev. Dr. Vincent Alappatt) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

c. Certificate Course on Sacred Liturgy

ഒക്ടോബർ 4, 18 തിയ്യതികളിൽ സീറോ മലബാർ കുർബാന യുടെ ഘടനയും ദൈവശാസ്ത്രവും I (Rev. Dr.Johnson Chittilapplly), സീറോ മലബാർ കുർബാനയുടെ ഘടനയും ദൈവശാസ്ത്രവും II (Rev. Dr.Johnson Chittilapplly), എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

d. Certificate Course on Guidance and Counselling

ഒക്ടോബർ 11, 25 തിയ്യതികളിൽ Developmental Psychology (Rev. Dr. Paul Chalissery) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

e. Certificate Course on Sacraments and Sacramentals

ഒക്ടോബർ 4, 18 തിയ്യതികളിൽ അനുരഞ്ജന കൂദാശ (Rev. Dr. Taison Mandumpal), പൗരോഹിത്യം (Rev. Dr. Shijo Chiriyankandath) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

f. Online Certificate Course in Theology (Two Years)

സെപ്റ്റംബർ 26, 27 ഒക്ടോബർ 10, 11,24, 25 തിയ്യതികളിൽ ദൈവശാസ്ത്രത്തിനൊരാമുഖം (Rev. Dr. Lijo Chalissery), ദൈവവചനം വചനവ്യാഖ്യാനം (Rev. Fr. Francis Koothur) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

ഫാ. സൈജോ തൈക്കാട്ടിൽ, ഡയറക്ടർ

എക്സൽ അക്കാദമി

K-TET **(കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്)**

K-TET പരിശീലനത്തിനു വേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഒക്ടോബർ/നവംബർ ബാച്ചിലേക്ക് ചേരാൻ താത്പര്യമുള്ളവർ ഉടൻ രജിസ്റ്റർ ചെയ്യുക.

കൂടുതൽ വിവരങ്ങൾക്കും ഫീസ് നിരക്കുകൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി എക്സൽ അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

Civil service courses (സിവിൽ സർവീസ് കോഴ്സ്)

സിവിൽ സർവീസ് ഓൺലൈൻ/ഓഫ്ലൈൻ ശനി ഞായർ വീക്കെൻഡ് ബാച്ചുകളും ഒക്ടോബർ മാസത്തിൽ ആരംഭിച്ചു. താല്പര്യമുള്ളവർ രജിസ്ട്രേഷനായി ഒക്ടോബർ 25 നകം എക്സൽ അക്കാദമിയുമായി ബന്ധപ്പെടുക

Coaching Centre for Minority Youth (ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. അഡ്മിഷനായി ഒക്ടോബർ 25-നുള്ളിൽ ഓഫീസുമായി ബന്ധപ്പെടുക. ക്ലാസ്സുകൾ നടത്തുന്നത് തൃശ്ശൂർ സെന്റ്. തോമസ് കോളേജ് ജൂബിലി ബ്ലോക്കിൽ ആണ്. ക്ലാസ്സുകളിൽ പ്രവേശിക്കാൻ താത്പര്യമുള്ളവർ തൃശ്ശൂർ ആർച്ച്ബിഷപ്പ് ഹൗസ് ഡി. ബി. സി. എൽ. സി. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയുമായി ബന്ധപ്പെടുക. പഠനം തികച്ചും സൗജന്യമാണ്. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

ഫാ. സൈജോ തൈക്കാട്ടിൽ, ഡയറക്ടർ

Contact:

Excel Academy: 9744941585

Prof. Dr. Mani K Peter- Academic Head: 9847235070

Ashik Thomas - Administrative & Technical Support: 7907326322

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ദേശീയ നഴ്സിങ്ങ് ഗവേഷണ സമ്മേളനം

നേഴ്സിങ്ങ് ദേശീയ ഗവേഷണ സമ്മേളനം കോളേജ് ഓഫ് നേഴ്സിങ്ങിന്റെ നേതൃത്വത്തിൽ നടന്നു. 'ഹെൽത്ത് റിസർച്ച് കോക്ലേവ് - ട്രാൻസിലേറ്റിംഗ് നഴ്സിങ്ങ് സയൻസ് ഇൻ ടു പ്രാക്ടീസ്' എന്ന വിഷയത്തെ അടിസ്ഥാനത്തിലാണ് സമ്മേളനം നടത്തപ്പെട്ടത്. സമ്മേളനത്തിൽ പ്രശസ്തരായ നേഴ്സിങ്ങ് വിദഗ്ധരുടെ ക്ലാസുകൾ, ഗവേഷണ പ്രബന്ധാവതരണം, സി.എൻ.ഇ. ക്രെഡിറ്റ്, മികച്ച പ്രബന്ധങ്ങൾക്ക് അവാർഡ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.

ജൂബിലിയിലെ ഗവേഷണം സമൂഹത്തിന് നേട്ടം :

മന്ത്രി റോജി എം. ജോൺ

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്ററിലെ ഗവേഷണ ഫലങ്ങൾ വിവിധ വിഭാഗങ്ങളിലെ രോഗികൾക്ക് മാത്രമല്ല പൊതുസമൂഹത്തിനുകൂടി ഉപകരിക്കുന്നതാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ. ജൂബിലി റിസർച്ച് സെന്ററും ലബോറട്ടറിയും സന്ദർശിച്ച് ഗവേഷണ ഫലങ്ങളെക്കുറിച്ച് ഗവേഷകരുമായി സംസാരിച്ച ശേഷം പ്രതികരിക്കുകയായിരുന്നു അദ്ദേഹം. വിവിധ കേന്ദ്ര സംസ്ഥാന ഏജൻസികൾ, കേരള ആരോഗ്യ സർവ്വകലാശാല എന്നിവ അടക്കമുള്ളവയുടെ ഗവേഷണ പദ്ധതികൾ നടപ്പാക്കുന്ന ജൂബിലി റിസേർച്ച് സെന്ററിനെ കാലിക്കറ്റ് സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമാക്കുന്ന പദ്ധതി പരിഗണിക്കുമെന്ന് മന്ത്രി പറഞ്ഞു.

ജൂബിലിയിൽ ഇപ്പോൾ 6.5 കോടി രൂപയുടെ 17 ഗവേഷണ പദ്ധതികൾ പുരോഗമിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 8 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയതായി വ്യക്തമാക്കി. ഈ കാലയളവിൽ 16 പേർ പി.എച്ച്.ഡി. ബിരുദത്തിന് അർഹരായി.

നേഴ്സിങ്ങ് ദേശീയ ശില്പശാല

ട്രാൻസ്ഫോർമിങ്ങ് നേഴ്സിങ്ങ് സയൻസ് ഇൻ ടു പ്രാക്ടീസ് - എന്ന വിഷയത്തെ ആസ്പദമാക്കി ദേശിയതലത്തിൽ അധ്യാപകർക്കും പി.ജി., പി.എച്ച്.ഡി. വിദ്യാർത്ഥികൾക്കുമായി രണ്ട്

ദിവസത്തെ ദേശീയ ശില്പശാല നടത്തി. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ ശില്പശാല ഉദ്ഘാടനം ചെയ്തു. കോളേജ് ഓഫ് നേഴ്സിങ്ങ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്. ഐ.സി. സ്വാഗതം ആശംസിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര അധ്യക്ഷ പ്രസംഗം നടത്തി. ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിലെ ഫാർമക്കോളജി വിഭാഗം മേധാവി ഡോ. ഡെന്നിസ് സേവിയർ മുഖ്യപ്രഭാഷണം നടത്തി. ജൂബിലി മിഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ ദേശീയ ശില്പശാല പ്രമേയം വെളിപ്പെടുത്തി.

ഇളംതുരുത്തിയിൽ 'ജൂബിലി മിഷൻ നോളജ് വില്ലേജ്'

ജൂബിലി മിഷന്റെ നാലാമത്തെ ക്യാമ്പസായ ജൂബിലി മിഷൻ നോളജ് വില്ലേജ് ഇളംതുരുത്തിയിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രിയുടെ 75 ാം വാർഷികത്തോടനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കുന്ന തപാൽ സ്റ്റാമ്പിന്റെ പ്രകാശനവും കേന്ദ്രമന്ത്രി സുരേഷ് ഗോപി നിർവഹിച്ചു. ആശുപത്രി ചെയർമാൻ കൂടിയായ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷനായി. ജൂബിലി മിഷനെ യൂണിവേഴ്സിറ്റിയായി ഉയർത്താനുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നതായി അദ്ദേഹം അറിയിച്ചു. സ്വകാര്യ ആശുപത്രികളെ വിദേശ കുത്തകകൾ കോടികൾ മുടക്കി ഏറ്റെടുക്കുന്ന ഇക്കാലത്ത് ജൂബിലി മിഷനു വളരെ പ്രസക്തിയുണ്ടെന്ന് മുഖ്യാതിഥിയായ ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ പറഞ്ഞു. ജൂബിലി മിഷൻ നോളജ് വില്ലേജിൽ തുടക്കത്തിൽ മെഡിക്കൽ, പാരാമെഡിക്കൽ, ഹെൽത്ത് മാനേജ്മെന്റ് തുടങ്ങിയ കോഴ്സുകൾ, ഹോസ്റ്റൽ തുടങ്ങിയവയാണ് പ്രവർത്തിക്കുക.

ദേശീയതലത്തിൽ പുരസ്കാര തിളക്കം

ആരോഗ്യപരിപാലന രംഗത്തെ മികവിനുള്ള ദേശീയ അംഗീകാരമായി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് അഞ്ജക ലീഡർഷിപ്പ് അവാർഡ്സിലെ രണ്ട് പുരസ്കാരങ്ങൾ. അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഇന്ത്യ ഏർപ്പെടുത്തിയ പുരസ്കാരങ്ങളിൽ ഇന്നൊവേറ്റീവ് ലീഡർഷിപ്പ് ഇൻ മാനേജിങ്ങ് ആൻഡ് മോണിറ്ററിംഗ് പേഷ്യന്റ് സാറ്റിസ്ഫാക്ഷൻ, ഇന്നൊവേറ്റീവ് ഹോസ്പിറ്റൽ ഗവേൺസ് സ്ട്രക്ചർ എന്നീ വിഭാഗങ്ങളിലാണ് ദേശീയ അംഗീകാരം. ജയ്പൂരിൽ നടന്ന AHPI 2026 കോക്ലേവിൽ AHPI മുൻ ഡയറക്ടർ ജനറൽ ഡോ. ഗിരിധർ ഘ്യാനി പുരസ്കാരങ്ങൾ കൈമാറി.

അഭിനന്ദനങ്ങൾ

പെരിന്തൽമണ്ണയിൽ നടന്ന KNS Quiz 2026 ൽ ന്യൂറോളജി വിഭാഗത്തിലെ സീനിയർ റസിഡന്റ് ഡോ. ജെയിംസ് ജോർജ്ജ് മൂന്നാം സ്ഥാനം കരസ്ഥമാക്കി.

പുഷ്പഗിരി മെഡിക്കൽ കോളേജിൽ വെച്ച് നടന്ന ഓൾ കേരള EON (Exam Oriented Neurology) മത്സരത്തിൽ ന്യൂറോളജി വിഭാഗത്തിലെ സീനിയർ റസിഡന്റ് ഡോ. അശ്വതി കെ രണ്ടാം സ്ഥാനം നേടി.

ഡയാലിസിസിന് സംഭാവന നൽകിയവർ

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ബ്രിറ്റോ ജോയ്, കൊടിയൻ ഹൗസ്, ഇരിങ്ങാലക്കുട, തൃശ്ശൂർ
- സെന്റ് ജോസഫ് ചർച്ച്, പൊന്നൂക്കര, തൃശ്ശൂർ
- പീറ്റർ, തേറാട്ടിൽ ഹൗസ്, മാടമ്പി ലെയിൻ, പൂത്തോൾ, തൃശ്ശൂർ
- സി.എൽ.സി. സെന്റ് മേരീസ് ചർച്ച്, മഡോണനഗർ, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- ഇ.പി. ഫ്രാൻസിസ്, എലവത്തിങ്കൽ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
- ശീതൾ ഷാജി, ചിറയത്ത് ഹൗസ്, കുട്ടനെല്ലൂർ, തൃശ്ശൂർ
- സെന്റ് അൽഫോൽസ യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- സി. സുപ്പീരിയർ, സി.എച്ച്.എഫ്. നവജ്യോതി ഭവൻ, തലോർ, തൃശ്ശൂർ
- കാറ്റകീസം ടീച്ചേഴ്സ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- സെന്റ് ഫ്രാൻസിസ് അസ്സീസി യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- സെന്റ് റോസ് യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- ലിറ്റിൽ ഫ്ളവർ യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- ബാബു ജോസ് തട്ടിൽ, സെന്റ് അൽഫോൽസ യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- സെന്റ് മേരീസ് യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ

- ഹോളി ഫാമിലി യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- സേക്രട്ട് ഹാർട്ട് യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- സെബാസ്റ്റ്യൻ, പൂവ്വക്കാരൻ ഹൗസ്, തലോർ, തൃശ്ശൂർ
- ജെറുസലേം യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- തെക്കേക്കര ഒളരിക്കര സന്തോഷ്, തലോർ, തൃശ്ശൂർ
- റീത്ത ദേവസ്സി, ചിറയത്ത് തൃശ്ശൂക്കാരൻ ഹൗസ്, തലോർ, തൃശ്ശൂർ
- അഡ്വ. ജോസഫ് ടാജറ്റ്, തലോർ, തൃശ്ശൂർ
- മേരി മാത യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- ഇമ്മാനുവേൽ യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- ഡോൺ ബോസ്കോ യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- മേജി, അൽഫോൺസ യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- ചാക്കോ മാത്യൂസ്, അരിമ്പൂർ വൈദ്യക്കാരൻ, തലോർ, തൃശ്ശൂർ
- സെന്റ് ജോർജ്ജ് യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- ബാബു കെ. ജി, കോമ്പാറ, ഇമ്മാനുവേൽ യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- സെന്റ് പീറ്റർ യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- സെന്റ് റാഫേൽ യൂണിറ്റ്, ഇൻഫന്റ് ജീസസ് ചർച്ച്, തലോർ, തൃശ്ശൂർ
- ജീസസ് യൂത്ത്, തലോർ, തൃശ്ശൂർ
- ടോമി കെ. ജി, കോമ്പാറ ഹൗസ്, ഇമ്മാനുവേൽ യൂണിറ്റ്, തലോർ, തൃശ്ശൂർ
- ക്രിസ്റ്റഫർ വർഗ്ഗീസ്, തലോർ, തൃശ്ശൂർ

അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- കുഞ്ഞച്ചൻ, എരിഞ്ഞേരി ഹൗസ്, ചിയ്യാരം, തൃശ്ശൂർ

- ആൻസി വർഗ്ഗീസ്, എം.ആർ.ഡി., ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഡോ. ഷോജൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

ഫാ. റെന്നി മുണ്ടൻകുര്യൻ

ഡയറക്ടർ

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ്, മുള്ളൂർക്കര

ലോക മാനസികാരോഗ്യ ദിനാചരണം

കോളേജിന്റെ ആഭിമുഖ്യത്തിൽ ലോക മാനസികാരോഗ്യ ദിനാചരണ പരിപാടി ഒക്ടോബർ 9ന് സംഘടിപ്പിച്ചു. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി പ്രിൻസിപ്പൽ റവ. ഡോ. ചാക്കോ ചിറമ്മൽ അധ്യക്ഷത വഹിച്ചു. അമൃത കെ. ബി. സ്വാഗതം ആശംസിച്ചു. ആൻസി ജോർജ് ആശംസകൾ നേർന്നു. രജിയ പി. എസ്. ദിനാചരണത്തിന്റെ പ്രാധാന്യം വിശദീകരിച്ചു. മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുക, മാനസികാരോഗ്യ പ്രശ്നങ്ങളോടുള്ള തെറ്റായ ധാരണകൾ മാറ്റുക, ആരോഗ്യകരമായ മാനസികാവസ്ഥയുടെ ആവശ്യകത ബോധ്യപ്പെടുത്തുക എന്നിവയായിരുന്നു പരിപാടിയുടെ ലക്ഷ്യങ്ങൾ. 'മാനസികാരോഗ്യം പ്രധാനമാണ്; മനസ്സിനെ കരുതലോടെ സംരക്ഷിക്കാം' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ദിനാചരണം സമാപിച്ചത്.

യൂണിയൻ തിരഞ്ഞെടുപ്പ് നടത്തി

കോളേജിലെ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് 2026 ഒക്ടോബർ 15 വ്യാഴാഴ്ച രാവിലെ 9.30ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. വിദ്യാർഥികളുടെ ജനാധിപത്യബോധവും നേതൃത്വപാടവവും വളർത്തുന്നതിനും കോളേജ് യൂണിയന്റെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനും തിരഞ്ഞെടുപ്പ് സഹായകമായി. വിദ്യാർഥികൾ തിരഞ്ഞെടുപ്പ് നടപടികളിൽ പങ്കെടുത്തു. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഉത്തരവാദിത്വമുള്ള വിദ്യാർഥി നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിനുള്ള വേദിയായി തിരഞ്ഞെടുപ്പ് മാറി.

ഫാ. ചാക്കോ ചിറമ്മൽ, കോളേജ് പ്രിൻസിപ്പൽ
ഫാ. ഷിജു ചിറ്റിലപ്പിള്ളി, അസി.മാനേജർ

കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

1. ഓർമ്മിക്കാൻ...ആചരിക്കാൻ...

1 (ഞായർ) - സകല വിശുദ്ധരുടെ തിരുനാൾ, കേരളപ്പിറവി ദിനം
2 (തിങ്കൾ) -സകല മരിച്ചവുടെ ഓർമ
6 (വെള്ളി) - ആദ്യവെള്ളി, വി. കുർബാന
7 (ശനി) - സി. വി. രാമൻ ദിനം
14 (ശനി) - ശിശുദിനം, നെഹ്റു ജന്മദിനം
22 (ഞായർ) - ഈശോയുടെ രാജത്വതിരുനാൾ
30 (തിങ്കൾ) - വി. അന്ത്രയോസ് തിരുനാൾ

2. ശിശുദിനം

നവംബർ 14 ശനിയാഴ്ച ശിശുദിനമാണ്. എല്ലാ കുഞ്ഞുമക്കൾക്കും ശിശുദിനാശംസകൾ!

3. നാമഹേതുതിരുനാൾ

നവംബർ 30 തിങ്കളാഴ്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുതിരുനാൾ ദിനമാണ്. അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ഫാ. ജോയ് അടമ്പുകുളം

മാനേജർ

ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

നവംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ നവംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. സാധാരണയായി ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 4,5,6 - 11,12,13 - 25,26,27. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ

ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

നവദമ്പതിസംഗമം –നവംബർ 8 ഞായർ 9.30 am to 1.00 pm

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2026 മെയ്, ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് നവംബർ 8 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

'ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ അഭ്യർത്ഥിക്കുന്നു.

മരിയൻ കൗൺസിലിംങ് സെന്റർ

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം– രാവിലെ 10.00 മുതൽ 4.00 വരെ.

ഫാ. ടിങ്കിൾ വാഴപ്പിള്ളി,
ഡയറക്ടർ

ഫാ. അനീഷ് കൂത്തൂർ, ഫാ. ബിജു ജോസഫ് ആലപ്പാട്ട്
അസി. ഡയറക്ടർമാർ

കുടുംബകൂട്ടായ്മ

ഫാമിലി ഫെസ്റ്റ്

കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുള്ള കലാ സാഹിത്യ മത്സരങ്ങൾ ഒക്ടോബർ 11 ഞായറാഴ്ച്ച 2 മണിക്ക് പ്രശസ്ത കലാകാരൻ ശ്രീ ഫ്രാൻസിസ് ആന്റണി കോടങ്കണ്ടത്ത് IRS അതിരൂപത തല മത്സരങ്ങൾ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ഉദ്ഘാടനം ചെയ്തു.

ഉണർവ് – 2026

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് – 2026 വെസ്റ്റ്ഫോർട്ട്, മുണ്ടൂർ, കുറ്റൂർ ഇടവകകളിൽ നടത്തി. ഉണർവ്വ് – 2026 എന്ന ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും പുതിയ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 8281064381.

ലുമെൻ

(റിസോഴ്സ് / ലേ ലീഡേഴ്സ് ടീം പരിശീലനം)

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടവകയിലെ കുടുംബകൂട്ടായ്മകളിൽ നേതൃത്വം വളർത്താനും വിഷയാവതരണം നടത്തുന്നതിന് വേണ്ടി ഒരു റിസോഴ്സ് / ലേ ലീഡേഴ്സ് ടീമിനെ (ലുമെൻ) സജ്ജമാക്കുന്നു. നവംബർ 8-ാം തിയ്യതി ഞായറാഴ്ച്ച ഉച്ചയ്ക്ക് 1.30 മുതൽ 5.00 വരെ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടത്തുന്നു. വിശദാംശങ്ങൾക്ക് – 9847724615.

ഫാ. ടിങ്കിൾ വാഴപ്പിള്ളി, ഡയറക്ടർ

ഫാ.അനീഷ് കൂത്തൂർ, അസി. ഡയറക്ടർ

പ്രൊഫ. ജോർജ്ജ് അലക്സ്, ജനറൽ കൺവീനർ

എ. ഡി. ഷാജു, ജനറൽ സെക്രട്ടറി



മാതൃവേദി

ഭാരവാഹികളുടെ സംഗമവും സുവർണ്ണ ജൂബിലി ആഘോഷവും

തൃശ്ശൂർ അതിരൂപത മാതൃവേദി നവംബർ മാസത്തിൽ മാതൃവേദിയുടെ മഹാസംഗമം നടത്തുന്നു. നവംബർ 17 -ാം തീയതി ചൊവ്വാഴ്ച DBCLC യിൽ രാവിലെ 9 30ന് രജിസ്ട്രേഷനോടുകൂടി പരിപാടികൾ ആരംഭിക്കുന്നു. പതാക ഉയർത്തൽ, അമ്മമാർക്ക് ക്ലാസ്, വി. കുർബാന എന്നിവ ഉണ്ടായിരിക്കും. മഹാസംഗമത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ ജൂബിലി ആഘോഷിക്കുന്നതാണ്. ഉച്ചഭക്ഷണത്തിന് ശേഷം പൊതുയോഗം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത മീറ്റിങ്ങിൽ പാലക്കാട് രൂപത മെത്രാൻ മാതൃവേദി ഡെലിഗേറ്റുമായ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവും, അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവും, മാർ ടോണി നീലങ്കാവിൽ പിതാവും, ഗ്ലോബൽ മാതൃവേദി ഡയറക്ടർ ഫാദർ ഡെന്നി താണിക്കലും അല്മായ പ്രതിനിധികളും പങ്കെടുക്കുന്നതാണ്. ഒരു ഇടവകയിൽ നിന്നുള്ള 5 ഭാരവാഹികളാണ് സംഗമത്തിൽ പങ്കെടുക്കേണ്ടത്.

ഫാ. ടിങ്കിൾ വാഴപ്പിള്ളി, ഡയറക്ടർ
ഫാ.അനീഷ് കൂത്തൂർ, അസി. ഡയറക്ടർ
ശ്രീമതി ഉജ്ജ്വല ബിജു, പ്രസിഡണ്ട്
ശ്രീമതി റീന വർഗ്ഗീസ്, സെക്രട്ടറി

കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഇൻ ഇന്ത്യ

സി.സി.ഡബ്ലിയു.ഐ അംഗങ്ങളുടെ നേതൃത്വത്തിൽ മരിച്ചു പോയ തങ്ങളുടെ സംഘടനയിലെ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും വേണ്ടി നവംബർ 16-ാം തിയ്യതി തിങ്കളാഴ്ച 3.00 ന് ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുന്നു. സി.സി.ഡബ്ലിയു.ഐ അംഗങ്ങളെ എല്ലാവരേയും വി. കുർബാനയിലേക്കും തുടർന്നുള്ള മീറ്റിങ്ങിലേക്കും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി, ഡയറക്ടർ
ശ്രീമതി സിങ്കമ്മ കള്ളിയത്ത്, പ്രസിഡന്റ്



ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

തിരുമണിക്കൂർ ആരാധന, വി. കുർബാന

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്തോലേറ്റിൽ വച്ച് നവംബർ 2 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഏലീശ്വാ സഹഗമനം

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം നവംബർ മാസത്തെ ഓൺലൈൻ ആരാധന യും ക്ലാസ്സും നവംബർ 8-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 7.00 മുതൽ 8.00 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്ര ഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

ജീവന്റെ സംരക്ഷണത്തിനും ജീവനെതിരെ ചെയ്തുപോയ പാപങ്ങൾക്കുള്ള പരിഹാരബലി

ഗർഭഛിദ്രം നടത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കും ഈശോയുടെ മുമ്പിൽ കരുണയാചിച്ചുകൊണ്ടുള്ള പരിഹാരബലി നവംബർ 14-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 09.30 മണിക്ക് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക പള്ളിയിൽ പാപപരിഹാരബലി യർപ്പിക്കുന്നതാണ്. തുടർന്ന് അജാത ശിശുക്കളുടെ സ്മാരകത്തിൽ പ്രാർത്ഥന ശുശ്രൂഷയും പുഷ്പാർപ്പണവും നടത്തുന്നു. എല്ലാ ഇടവക ദൈവാലയങ്ങളിലും നവംബർ മാസത്തിലെ ഏതെങ്കിലും ഒരു ദിവസം ജീവന്റെ സംരക്ഷണത്തിനും ജീവനെതിരെ ചെയ്തു

പോയ പാപങ്ങൾക്കുള്ള പരിഹാരബലി അർപ്പിക്കുന്നത് ഉചിതമാണ്.

ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി
ഡയറക്ടർ
ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ
പ്രസിഡന്റ്



പിതൃവേദി

അന്താരാഷ്ട്ര വയോജന ദിനം

പുല്ലഴി പിതൃവേദിയുടെ നേതൃത്വത്തിൽ ഇടവകയിലെ കിടപ്പുരോഗികളായ വയോജനങ്ങളെ സന്ദർശിച്ച് അവർക്ക് സ്നേഹോപഹാരം സമർപ്പിച്ച് വയോജന ദിനം ധന്യമാക്കി. മുണ്ടൂർ പരിശുദ്ധ കർമ്മല മാതാ ദേവാലയത്തിൽ പിതൃവേദിയുടെ നേതൃത്വത്തിൽ വയോജന ദിനാഘോഷം സമുചിതമായി ആചരിച്ചു. ഇടവകയിലെ സീനിയേഴ്സിനുവേണ്ടി പ്രത്യേക പ്രാർത്ഥനയും അതോടൊപ്പം ഉപഹാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു.

പരസ്നേഹ പ്രവർത്തികൾ

അത്താണി പിതൃവേദി യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിൽ നിന്നും ഉപയോഗപ്രദമായ വസ്ത്രങ്ങൾ ശേഖരിച്ച് അർഹരായ കേന്ദ്രങ്ങളിലേക്ക് എത്തിച്ചു കൊടുക്കുവാൻ ആയി ക്ലോത്ത് ബാങ്ക് ആരംഭിച്ചു. പരിശുദ്ധ മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് വെള്ളാറ്റഞ്ഞൂർ ഇടവക പിതൃവേദിയുടെ നേതൃത്വത്തിൽ പ്രേഷിതാരം വൃദ്ധസദനം സന്ദർശിച്ചു. പിതൃവേദി അംഗങ്ങൾ അമ്മമാരോടൊപ്പം പാട്ടുപാടിയും തിരുനാൾ സന്ദേശം പങ്കുവെച്ചും സ്നേഹവിരുന്നൊരുക്കിയും സന്തോഷം പങ്കുവക്കുകയും സംഭാവന നൽകുകയും ചെയ്തു.

പുതിയ യൂണിറ്റുകൾ

കൈപ്പറമ്പ് മദർ തെരേസ ദേവാലയത്തിൽ വികാരി ബഹുമാനപ്പെട്ട ഡേവിസ് ചിറമ്മൽ അച്ചന്റെ നേതൃത്വത്തിൽ പിതൃവേദിയുടെ രൂപീകരിച്ച് ഭാരവാഹികളെ തിരഞ്ഞെടുത്തു. അതിരൂപത സെക്രട്ടറി ജോബി ഫ്രാൻസിസ് പിതൃവേദിയുടെ നിയമാവലിയും പതാകയും കൈമാറി. പൂത്തറക്കൽ സെന്റ് റോക്കീസ് ദേവാലയത്തിൽ വികാരി ബഹുമാനപ്പെട്ട ജിജോ പിടിയത്ത് അച്ചന്റെ നേതൃത്വത്തിൽ പിതൃവേദി സംഘടന രൂപീകരിച്ചു. സംഘടനയുടെ നിയമാവലിയും

പതാകയും അതിരൂപത പ്രസിഡന്റ് ശ്രീ ജോസഫ് P.T കൈമാറുകയുണ്ടായി.

ധ്യാനങ്ങൾ

വേലൂർ സെന്റ് ഫ്രാൻസിസ് ദേവാലയത്തിൽ പിതൃവേദിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട ജോസഫ് പുത്തൻപുരയ്ക്കൽ അച്ചന്റെ കുടുംബ വിശുദ്ധീകരണ ധ്യാനം നടത്തപ്പെട്ടു. ചേറൂർ വിജയപുരം സെന്റ് ഫ്രാൻസിസ് സേവിയർ ദേവാലയത്തിൽ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ബഹുമാനപ്പെട്ട ജോസഫ് പുത്തൻപുരയ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന കുടുംബ വിശുദ്ധീകരണ ധ്യാനത്തിൽ ഇടവകയിലെയും സമീപ ഇടവകകളിലെയും അനേകം കുടുംബങ്ങൾ പങ്കെടുത്തു.

ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി
ഡയറക്ടർ
ശ്രീ. ജോസഫ് പി. ടി
പ്രസിഡന്റ്

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

ദമ്പതി ധ്യാനം

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഡിസംബർ – 11,12,13 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രം, നെടുപുഴയിൽ വച്ച് സംഘടിപ്പിക്കുന്നു. ഡിസംബർ 11 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 13 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

ആത്മീയ സായാഹ്നം

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' നവംബർ 14-ാം തിയ്യതി കാച്ചേരി മഡോണ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി. ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

ACADEMIC SESSION

ലോഫ് അക്കാഡമിക് സെക്ഷൻ നവംബർ 22-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

LUX DOMUS

സിറോമലബാർ കമ്മീഷൻ ഫോർ ഫാമിലി ലെയ്റ്റി ആൻഡ് ലൈഫ്, തൃശ്ശൂർ അതിരൂപതയിലെ കുടുംബങ്ങളുടെ സമർപ്പിത സമൂഹമായ ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (LOAF), പാലക്കാട് രൂപത എന്നിവർ ചേർന്ന് സംഘടിപ്പിക്കുന്ന സമർപ്പിത/മിഷനറി കുടുംബ സംഘടനകൾ, കുടുംബ പ്രേഷിത സമൂഹങ്ങൾ, ദമ്പതികൾ, വ്യക്തികൾ എന്നിവരുടെ സംഗമം 'ലക്സ് ദോമൂസ് 2026 – Lux Domus 2026' ഈ വർഷം നവംബർ 28, ശനിയാഴ്ച വൈകിട്ട് മൂന്ന് മണി മുതൽ 29, ഞായറാഴ്ച വൈകിട്ട് അഞ്ച് മണി വരെ പാലക്കാട് രൂപത പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. 'സഭാ ശാക്തീകരണത്തിൽ മിഷനറി കുടുംബങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ ആണ് ചർച്ചകൾ നടക്കുന്നത്. റജിസ്റ്റർ ചെയ്യാനും കൂടുതൽ വിവരങ്ങൾക്കായും താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക: 89210 49153, 97476 69572.

ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി
ഡയറക്ടർ
ഡോ. ജോണി തോമസ് & ഡോ. ബെറ്റ്സി ജോണി
പ്രസിഡണ്ട് ദമ്പതികൾ

തൊഴിൽ അഭ്യസനപീഠം ഐ.ടി ഐ മഡോണ നഗർ

1) 2026 സെപ്റ്റംബർ 16 ബുധനാഴ്ച മുതൽ ഈ പുതിയ അധ്യയന വർഷത്തിൽ ചേർന്ന കുട്ടികളുടെ യൂണിഫോം നിർബന്ധമാക്കി.

2) 30-09-26ന് ഉച്ചകഴിഞ്ഞ് രണ്ടാംവർഷ വിദ്യാർഥികൾക്ക് വേണ്ടി നടത്തറ കെഎസ്ഇബി സെക്ഷന്റെ നേതൃത്വത്തിൽ ഒരു പവർ ക്വിസ് മത്സരം നമ്മുടെ ഐടിഐയിൽ വെച്ച് നടത്തി. ഇതിന്റെ ഒന്നും രണ്ടും സ്ഥാനങ്ങൾ രണ്ടാം വർഷ സിവിൽ ട്രേഡിനാണ് ലഭിച്ചത്. അവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ നേരുന്നു.

3) 2026 ഒക്ൾടോബർ 7 ന് തൃശ്ശൂർ അതിരൂപത സ്ഥാപനമായ തൊഴിൽ അഭ്യസന പീഠം ഐടിഐ യിൽ 2024 – 2026 കാലയളവിൽ പഠിച്ച് വിജയിച്ച വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ ചടങ്ങ് നടത്തി. കാലത്ത് 10.30ന് ആരംഭിച്ച യോഗത്തിൽ അസിസ്റ്റൻറ് മാനേജർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ അധ്യക്ഷത വഹിക്കുകയും, പ്രിൻസിപ്പൽ ശ്രീ. എം. ഐ. പോൾ സ്വാഗതം ആശംസിക്കുകയും, സ്ഥാപനത്തിൻറെ മാനേജറും തൃശൂർ അതിരൂപത വികാരി ജനറാളുമായ റവ. മോൺ. ജോസ് കോനിക്കര അച്ചൻ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. വർത്തമാന കാലഘട്ടത്തിലെ ഐടിഐ വിദ്യാഭ്യാസ ജോലി സാധ്യതകളുടെ വ്യാപ്തിയും പ്ലസ് ടു വിദ്യാഭ്യാസത്തിന് തത്തുല്യമായി ഐടിഐ വിദ്യാഭ്യാസത്തെ ഉയർത്തിയതിൽ വിദ്യാർത്ഥികൾക്കുള്ള പ്രയോജനങ്ങളെക്കുറിച്ചും അദ്ദേഹം കുട്ടികളെ ഉദ്ബോധിപ്പിച്ചു. തുടർന്ന് വിജയിച്ച കുട്ടികൾക്ക് സർട്ടിഫിക്കറ്റ് മെഡൽ വിതരണം ചെയ്യുകയും ഓരോ ട്രേഡിലെയും 80% ത്തെക്കാൾ കൂടുതൽ മാർക്ക് നേടിയ കുട്ടികളെ മെമെന്റോ നൽകി ആദരിക്കുകയും ഐടിഐയിൽ വെച്ച് ഏറ്റവും ഉന്നത വിജയം നേടിയ സോബിൻ സി ടി (ഫിറ്റർട്രേഡ് 93. 7 5 %) പ്രത്യേകം മെമെന്റോ നൽകി അനുമോദിക്കുകയും ചെയ്തു ഇൻസ്ട്രക്ടുമാരുടെ ഭാഗത്ത് നിന്ന് ജോഫിൻ മാത്യു, രക്ഷാകർത്താക്കളുടെ ഭാഗത്തുനിന്നും ഡോ Sr ജിനു CHF എന്നിവർ ആശംസകൾ അർപ്പിച്ചു. സ്റ്റാഫ് സെക്രട്ടറി സൈമൺ ബാബു നന്ദി രേഖപ്പെടുത്തി.

4) മാസാദ്യവെള്ളിയാഴ്ച വിശുദ്ധ കുർബ്ബാനയും കുമ്പസാരവും ഉണ്ടായിരുന്നു.

5) 2027-28 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ സിവിൽ, ഇരക്ട്രേണിക്സ്, ഇലക്ട്രിഷ്യൻ, ഫിറ്റർ ആരംഭിച്ചു. താത്പര്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക

0487 2426740, 9895126740

മോൺ ജോസ് കോനിക്കര
മാനേജർ
ഫാ. ജിജോ കപ്പിലാംനിരപ്പൽ
അസ്സി. മാനേജർ

സാന്ത്വനം

തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ ക്ഷേമ വിഭാഗമായ സാന്ത്വനം സോഷ്യൽ അപ്പസ്തോലേറ്റ് സെന്റർ, വിവിധ സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ ഓരോ ഇടവകകളിലും ഇടവകാതിർത്തികളിലും ജാതി-മത-വർഗ്ഗ വ്യത്യാസമില്ലാതെ സമൂഹത്തിലെ അർഹരായവരിലേക്ക് കരുതലും സഹായവും എത്തിച്ചു കൊണ്ടിരിക്കുന്നു. ഭവനനിർമ്മാണം, വനിതാശാക്തീകരണം, തൊഴിൽ പരിശീലനം, ആരോഗ്യപരിചരണം, സ്വയം തൊഴിൽ തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

1. 2026-27 സാന്ത്വന ഭവനം പദ്ധതി

ഭവനരഹിതർക്ക്സുരക്ഷിതവും മാന്യവുമായ ഒരു ഭവനം ഒരുക്കുക എന്നത് സാന്ത്വനത്തിന്റെ എക്കാലത്തെയും പ്രധാനപ്പെട്ട സാമൂഹ്യ ഇടപെടലുകളിൽ ഒന്നാണ്. കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷനുമായി സഹകരിച്ചാണ് 2026-27 വർഷത്തെ സാന്ത്വന ഭവനം പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്.

ഇതിനുപുറമേ, ഇടവകകളുടെ നേതൃത്വത്തിൽ അർഹരായ കുടുംബങ്ങളെ കണ്ടെത്തുകയും, അവരുടെ സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങൾ വിലയിരുത്തി ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഇടവകകളും സാന്ത്വനവും ഒരുമിച്ച് പ്രവർത്തിക്കുന്നതിലൂടെ കൂടുതൽ ഭവനരഹിത കുടുംബങ്ങളിലേക്ക് സഹായം എത്തിക്കുവാൻ സാധിക്കുന്നു.

മുക്കാട്ടുകര, പഴുവിൽ, കുരിയച്ചിറ, വലപ്പാട്, തെങ്ങാലൂർ, കോലഴി, തിരൂർ, കൊമ്പഴ, അരിമ്പൂർ, വില്ലടം, പുത്തൻപീടിക, കൊട്ടേക്കാട്, പുത്തൂർ തുടങ്ങി 32 ഇടവകകളിലും ഇടവകാതിർത്തികളിലുമായി നിലവിൽ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വരും മാസങ്ങളിൽ കൂടുതൽ അർഹരായ ഭവനരഹിത കുടുംബങ്ങളെ കണ്ടെത്തി അവരുടെ സ്വന്തം ഭവനം എന്ന സ്വപ്നത്തിന് നിറം പകരാൻ സാന്ത്വനത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. മുള്ളൂർക്കര ടെഡിബെയർ ട്രെയിനിംഗ് സെന്റർ

സ്ത്രീ ശാക്തീകരണം, സ്വയംതൊഴിൽ, സാമ്പത്തിക സ്വയം പര്യാപ്തത എന്നിവ ലക്ഷ്യമാക്കി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ

മുള്ളൂർക്കരയിൽ ടെഡിബെയർ നിർമ്മാണ പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. പരിശീലന കാലയളവ് വിജയകരമായി പൂർത്തിയാക്കിയ ആദ്യ ബാച്ചിലെ 32 വനിതകൾ ഇതിനകം വിവിധ തൊഴിൽ അവസരങ്ങളിലേക്ക് പ്രവേശിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ചില വനിതകൾ പരിശീലനത്തിനായി ചേർന്നിട്ടുണ്ട്.

പ്രധാനമായും 18 മുതൽ 40 വയസ്സു വരെയുള്ള, തൊഴിൽ തേടുന്ന വനിതകൾക്ക് പ്രായോഗിക പരിശീലനവും തൊഴിൽ അവസരങ്ങളും ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വനിതകളുടെ കുടുംബവരുമാനം വർധിപ്പിക്കുന്നതിനും സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഈ പദ്ധതി സഹായകരമാകുന്നു.

3. ജി. ഡി. എ. : ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് പരിശീലനം

ആരോഗ്യമേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സാന്ത്വനം നടപ്പിലാക്കുന്ന GDA (General Duty Assistant) പരിശീലന പദ്ധതിയും മികച്ച രീതിയിൽ മുന്നേറുകയാണ്. പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ചിലെ മുഴുവൻ പരിശീലകരും വിവിധ ആശുപത്രികളിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. നിലവിൽ അടുത്ത ബാച്ചിന്റെ പരിശീലനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ആരോഗ്യപരിചരണരംഗത്ത് ആവശ്യമായ അടിസ്ഥാനപരമായ അറിവും പ്രായോഗിക പരിശീലനവും നൽകി യുവതീ-യുവാക്കൾക്ക് സ്ഥിരമായ തൊഴിൽ നേടുന്നതിനുള്ള അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

4. സാന്ത്വനം സർജിക്കൽ മെഡിക്കൽ എക്യുപ്മെന്റ് ബാങ്ക്

നിർധനരായ രോഗികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിനായി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സാന്ത്വനം സർജിക്കൽ മെഡിക്കൽ എക്യുപ്മെന്റ് ബാങ്ക് പ്രവർത്തിച്ചുവരുന്നു. രോഗികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ആവശ്യമായ ഉപകരണങ്ങൾ സൗജന്യമായി നൽകുന്നതിലൂടെ നിരവധി കുടുംബങ്ങൾക്ക് വലിയ ആശ്വാസമാണ് ഈ പദ്ധതി നൽകുന്നത്.

നിലവിൽ വിതരണം ചെയ്തിട്ടുള്ള പ്രധാന ഉപകരണങ്ങൾ:

- Oxygen Concentrator 15
- Wheelchair 4
- Cot/Bed 27
- Air Bed 6
- Walker 2

- Bed Pan 7
- Normal Bed 2
- Nebulizer 2
- Water Bed – 2

ആവശ്യക്കാർക്ക് മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലൂടെ രോഗപരിചരണത്തിന്റെ സാമ്പത്തികഭാരം കുറയ്ക്കാനും, വീട്ടിൽതന്നെ സുരക്ഷിതമായി പരിചരണം ഉറപ്പാക്കാനും ഈ പദ്ധതി സഹായിക്കുന്നു.

5. വനിതകൾക്കായുള്ള സ്വയംതൊഴിൽ പരിശീലനം

വനിതകളെ സ്വയംതൊഴിലിലേക്ക് പ്രാപ്തരാക്കുന്നതിനും കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനുമായി സൗത്ത് തുറവിലുള്ള സ്വയംസഹായ സംഘങ്ങളിലെ വനിതകൾക്ക് വിവിധതരം മസാലപ്പൊടികൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി. കൃപ മരിയ, കെയ്റോസ്, പ്രതീക്ഷ, ഗ്രേസ്മരിയ തുടങ്ങിയ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളാണ് പരിശീലനത്തിൽ പങ്കെടുത്തത്.

പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ പ്രയോജനപ്പെടുത്തി ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്ത് സ്ഥിരമായ വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് വനിതകളെ പ്രാപ്തരാക്കുകയാണ് ഈ പരിശീലനത്തിന്റെ ലക്ഷ്യം. ഭവനരഹിതർക്ക് ഭവനം ഒരുക്കുന്നതിൽ നിന്ന് വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കും, രോഗികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിൽ നിന്ന് യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിലേക്കും സാന്ത്വനം സോഷ്യൽ അപ്പോസ്തലറ്റ് സെന്റർ സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള ആവശ്യങ്ങളോട് പ്രതികരിച്ചു കൊണ്ടിരിക്കുകയാണ്. ഇടവകകൾ, സന്നദ്ധ പ്രവർത്തകർ, സഹകാരികൾ, വിവിധ സ്ഥാപനങ്ങൾ, സുമനസ്സുകൾ എന്നിവരുടെ സഹകരണത്തോടെയാണ് ഈ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. കൂടുതൽ ആളുകളിലേക്ക് കരുതലും അവസരങ്ങളും എത്തിക്കുക എന്ന ലക്ഷ്യത്തോടെ സാന്ത്വനത്തിന്റെ സാമൂഹ്യ ഇടപെടലുകൾ തുടർന്നും ശക്തിപ്പെടുത്തുന്നതാണ്.

ഫാ. ജോജു ആളൂർ
ഡയറക്ടർ
ഫാ. ബെൻവിൻ തട്ടിൽ
അസി. ഡയറക്ടർ



ചിൽഡ്രൻസ് മിനിസ്ട്രി

മിഷൻ കളക്ഷൻ, പ്രയർ ഫ്രണ്ട് കളക്ഷൻ, ജീസസ്സ് ബെർത്ത് ഡേ പാർട്ടി കളക്ഷൻ, വാർഷിക റിപ്പോർട്ട്

തിരുബാലസഖ്യം

'കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ' എന്ന ആദർശ വാക്യം ഉൾകൊണ്ട് മിഷൻ പ്രദേശങ്ങളിലെ കുഞ്ഞുങ്ങളെ സഹായിക്കാൻ തിരുബാലസഖ്യാംഗങ്ങൾ ചെറിയ ഫണ്ട് രൂപീകരണം (മിഷൻ കളക്ഷൻ) യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്.

സ്കൂൾ തിരുബാലസഖ്യം കലാമത്സരങ്ങൾ 2026

സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതിരൂപതാതല കലാമത്സരം നവംബർ 07ാം തിയ്യതി ശനിയാഴ്ച രാവിലെ 8.30 ന് സെന്റ് ജോസഫ്സ് മോഡൽ സ്കൂളിൽ വെച്ച് നടത്തപ്പെടുന്നതാണ്. മത്സരത്തിന്റെ എൻട്രി ഫോം പൂരിപ്പിച്ച് യൂണിറ്റ് ആനിമേറ്റർ ഒക്ടോബർ 15 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്ക് ഫൊറോനതല മത്സരം ഉണ്ടായിരിക്കുന്നതല്ല.

SAINTS' QUIZ2026

മത്സര ക്രമം & തീയതികൾ:

- ഇടവകതലം: യൂണിറ്റ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ (2026 നവംബർ 1 ഞായർ, സമയം: 03:00 pm to 03:30 pm)
- ഫൊറോനതലം: ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രമോട്ടറുടെ നേതൃത്വത്തിൽ (2026 നവംബർ 29 ഞായർ, സമയം: 03:00 pm to 03:30 pm)
- അതിരൂപതതലം: ചിൽഡ്രൻസ് മിനിസ്ട്രി അതിരൂപത ഡയറക്ടറുടെ നേതൃത്വത്തിൽ (2026 ജനുവരി 3 ഞായർ, സമയം: 03:00 pm to 03:30 pm)

അനിമേറ്റർമാരുടെയും ലീഡർമാരുടെയും തിരഞ്ഞെടുപ്പ്

അടുത്ത പ്രവർത്തനവർഷത്തേക്കുള്ള Children's Ministry ഇടവക അനിമേറ്റർമാരെയും ലീഡർമാരെയും ഒക്ടോബർ, നവംബർ മാസത്തിൽ തിരഞ്ഞെടുക്കേണ്ടതാണ്.

അനിമേറ്റർമാർ: കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഓരോ സംഘടനയ്ക്കും ഒന്നിൽ കൂടുതൽ അനിമേറ്റർമാരെ

തിരഞ്ഞെടുക്കാവുന്നതാണ്.

ലീഡർമാർ: കുട്ടികളിൽ നിന്ന് ലീഡർമാരെ തിരഞ്ഞെടുക്കുമ്പോൾ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ്സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന അനിമേറ്റർമാരുടെയും ലീഡർമാരുടെയും പ്രവർത്തന കാലയളവ് 2027 ജനുവരി മുതൽ 2027 ഡിസംബർ വരെയായിരിക്കും.

തിരുവചനം: 'ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും' (യോഹ. 11:25).

സുകൃത ജപം: ഈശോ, മറിയം, യൗസേപ്പേ, ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെമേൽ കരുണയായിരിക്കണമേ.

വിശുദ്ധ എലേന ഗ്വേറ (Saint Elena Guerra)

കത്തോലിക്കാ സഭയിലെ പ്രമുഖ സന്യാസിനിയും 'പരിശുദ്ധാത്മാവിന്റെ അപ്പസ്തോല' (Apostle of the Holy Spirit)എന്ന് അറിയപ്പെടുന്ന വ്യക്തിയുമാണ് വിശുദ്ധ എലേന ഗ്വേറ. പരിശുദ്ധാത്മാവിനോടുള്ള ഭക്തി സഭയിൽ വീണ്ടും ഉണർത്തുന്നതിനായി തന്റെ ജീവിതം സമർപ്പിച്ച വ്യക്തിയാണ് ഇവർ. 1835 ജൂൺ 23ന് ഇറ്റലിയിലെ ലൂക്ക (Lucca) എന്ന സ്ഥലത്താണ് എലേന ഗ്വേറ ജനിച്ചത്. ചെറുപ്പം മുതലേ ദൈവവിശ്വാസത്തിലും പ്രാർത്ഥനയിലും വളർന്ന എലേന, സാഹിത്യത്തിലും തിരുസഭാ ചരിത്രത്തിലും അറിവ് നേടിയിരുന്നു. ചെറുപ്പത്തിൽ നേരിട്ട കടുത്ത രോഗബാധ കാരണം ഏറെക്കാലം വീട്ടിൽ തന്നെ കഴിയേണ്ടിവന്നെങ്കിലും, ആ സമയം മുഴുവൻ പ്രാർത്ഥനയ്ക്കും പഠനത്തിനുമായി അവർ വിനിയോഗിച്ചു.

വിദ്യാഭ്യാസത്തിന്റെയും പ്രാർത്ഥനയുടെയും പ്രാധാന്യം തിരിച്ചറിഞ്ഞ എലേന, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി തന്റെ ജീവിതം മാറ്റിവെച്ചു. 1882ൽ അവർ 'ഒബ്ലേറ്റ്സ് ഓഫ് ദി ഹോളി സ്പിരിറ്റ്' (Oblates of the Holy Spirit / Sisters of St. Zita) എന്ന സന്യാസിനി സമൂഹത്തിന് തുടക്കം കുറിച്ചു. ചെറുപ്പക്കാരെ പരിശുദ്ധാത്മാവിന്റെ കൃപയിൽ വളർത്തുകയും സമൂഹത്തിന് ഉപകാരപ്രദമായ രീതിയിൽ വിദ്യാഭ്യാസം നൽകുകയുമായിരുന്നു ഈ സമൂഹത്തിന്റെ പ്രധാന ലക്ഷ്യം. പരിശുദ്ധാത്മാവിനോടുള്ള ഭക്തി കത്തോലിക്കാ സഭയിലുടനീളം പ്രോത്സാഹിപ്പിക്കണമെന്ന് ആഗ്രഹിച്ച എലേന, ലിയോ പതിമൂന്നാമൻ മാർപാപ്പയ്ക്ക് (Pope Leo XIII)നിരവധി കത്തുകൾ എഴുതി. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള 'ദിവീനം ഇല്ലൂദ് മുനൂസ' (Divinum Illud Munus) എന്ന

പ്രസിദ്ധമായ തിരുരേഖ (Encyclical)പുറപ്പെടുവിക്കാൻ മാർ പാപ്പയെ പ്രചോദിപ്പിച്ചത് എലേനയുടെ ഈ പരിശ്രമങ്ങളാണ്.

1914 ഏപ്രിൽ 11ന് (ദുഖവെള്ളിയാഴ്ച) എലേന ഗ്വേറ നിര്യാത യായി. 1959 ഏപ്രിൽ 26ന് ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ അവരെ 'വാഴ്ത്തപ്പെട്ടവൾ' (Blessed) ആയി പ്രഖ്യാപിച്ചു. 2024 ഒക്ടോബർ 20ന് ഫ്രാൻസിസ് മാർപാപ്പ അവരെ കത്തോലിക്കാ സഭയിലെ 'വിശുദ്ധ' (Saint)ആയി പ്രഖ്യാപിച്ചു. പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും പ്രവർത്തനങ്ങളും അനുദിന ജീവിതത്തിൽ തിരിച്ച റിയാനും, പ്രാർത്ഥനയിലൂടെ ദൈവകൃപ തേടാനും നമ്മെ ഓർമ്മി പ്പിക്കുന്നതാണ് വിശുദ്ധ എലേന ഗ്വേറയുടെ ജീവിതം.

പ്രവർത്തനം: ആരും ഓർക്കാനില്ലാത്ത ആത്മാക്കൾക്കായി ഈ മാസം ഒരു വിശുദ്ധ കുർബാന അർപ്പിക്കുകയും ജപമാല ചൊല്ലുമ്പോൾ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കായി അർ പ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യുക.

ഫാ. പോൾ മുട്ടത്ത്, ഡയറക്ടർ
സി. ജീജ SSPC, കോർഡിനേറ്റർ

മദ്യവിരുദ്ധസമിതി

1. ലഹരി വിരുദ്ധ ക്ലാസ്- 09.09.2026

കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ചൊവ്വന്നൂർ സെന്റ് മേരീസ് കോൺവെന്റ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി സംഘടിപ്പിച്ച ക്ലാസ്സുകൾ അതിരൂപത ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് എന്നിവർ നയിച്ചു. സ്കൂൾ പി.ടി.എ. പ്രസിഡന്റ് ശ്രീ. ജോൺസൺ മാസ്റ്റർ സ്വാഗതവും പ്രധാനാധ്യാപിക റവ. സി. വിന്നി നന്ദിയും പറഞ്ഞു. അതിരൂപത ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എസ്.സി. നേതൃത്വം നൽകി.

2. പടിഞ്ഞാറൻ മേഖല സമ്മേളനം - 13.09.2026

തൃശൂർ അതിരൂപത മദ്യ-ലഹരിവിരുദ്ധ സമിതിയുടെ 29-ാം വാർഷികസമ്മേളനത്തിനൊരുക്കമായി പടിഞ്ഞാറൻ മേഖല സമ്മേളനം പുറനാട്ടുകര പള്ളി ഹാളിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്തു.

പുറനാട്ടുകര വികാരി റവ. ഫാ. ജോൺസൺ അയിനിക്കൽ അദ്ധ്യക്ഷനായി. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് 29-ാം വാർഷിക സമ്മേളന വിഷയാവതരണം നടത്തി.

3. വടക്കൻ മേഖല സമ്മേളനം – 13.09.2026

കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത വടക്കൻ മേഖല സമ്മേളനം സംഘടിപ്പിച്ചു. 29-ാം വാർഷികത്തിന്റെ മുന്നൊരുക്കമായി എരുമപ്പെട്ടി ഫൊറോന ദൈവാലയത്തിൽ സമ്മേളനം അരങ്ങേറി. അതിരൂപത ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. എരുമപ്പെട്ടി ഫൊറോന വികാരി വെരി റവ. ഫാ. ജോഷി ആളൂർ അദ്ധ്യക്ഷനായി. കാലിക്കറ്റ് യൂണിവേഴ്സിറ്റി പരീക്ഷയിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ എമിലിൻ സി.ടി.യെ ചടങ്ങിൽ ആദരിച്ചു. എരുമപ്പെട്ടി യൂണിറ്റ് സെക്രട്ടറി ശ്രുതി ബെന്നി ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി. എരുമപ്പെട്ടി ഫൊറോന പ്രസിഡന്റ് ശ്രീ. ജോയ്സൺ ഇരുമ്പൻ സ്വാഗതവും സമ്മേളന കൺവീനർ ശ്രീ. റോബിൻ റാഫേൽ നന്ദിയും പറഞ്ഞു.

4. പ്രാർത്ഥനാകൂട്ടായ്മ – 21.09.2026

കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത പ്രാർത്ഥനാകൂട്ടായ്മ സംഘടിപ്പിച്ചു. 29-ാം വാർഷികത്തിന്റെ വിജയത്തിനായി ചേറൂർ നെസ്റ്റ് ഡി അഡിക്ഷൻ സെന്ററിലുള്ള ചാപ്പലിൽ നെസ്റ്റ് ഡയരക്ടർ റവ. ഫാ. പോൾ ചാലിശ്ശേരിയുടെയും ഡയറക്ടറച്ചന്റെയും നേതൃത്വത്തിൽ 21.09.26 തിങ്കളാഴ്ച മദ്യ-ലഹരിവിരുദ്ധ സമിതി അംഗങ്ങൾ ഒത്തുകൂടി പ്രാർത്ഥിച്ചു.

5. ദീപശിഖാപ്രയാണം

കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത 29-ാം വാർഷികത്തിന്റെ മുന്നൊരുക്കമായി അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കബറിടത്തിൽ നിന്ന് സംഘടനയുടെ ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരനും പ്രതിനിധികളും ദീപശിഖ കൊണ്ടുവന്നു. പിതാവിന്റെ ഓർമ്മ പുതുക്കാനും സംഘടനാപ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുവാനും ഉദ്ദേശിച്ചുകൊണ്ട് സംഘടിപ്പിക്കപ്പെട്ട ദീപശിഖാ പ്രയാണം മുളയം സെന്റ് പാട്രിക്, പട്ടിക്കാട് സെന്റ് ഫ്രാൻസീസ് സേവിയർ ഫൊറോന, തൃശൂർ ഡോളേഴ്സ് ബസിലിക്ക, (പുത്തൻപള്ളി), ഇരവിമംഗലം സെന്റ് മേരീസ്, വെള്ളാനിക്കോട് സെന്റ് അഗസ്റ്റിൻ, പതിയാരം സെന്റ് ജോസഫ്, വെണ്ടോർ സെന്റ് മേരീസ്, എരുമപ്പെട്ടി തിരുഹൃദയ ഫൊറോന, പുതുരുത്തി സെന്റ് പിയൂസ് X, സരിതപുരം ഫാത്തിമ മാതാ, കുമ്പളങ്ങാട് സെന്റ് ജൂഡ്, പൂങ്കുന്നം സെന്റ് ജോസഫ്,

നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ, മുണ്ടത്തിക്കോട് ക്രിസ്തുരാജ, പാലയ്ക്കൽ സെന്റ് മാത്യൂസ്, ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന, മുക്കാട്ടുകര സെന്റ് ജോർജ്ജ്, കണ്ണംകുളങ്ങര ക്രിസ്തുരാജ, ചേർപ്പ് സെന്റ് ആന്റണീസ് എന്നീ ദൈവാലയങ്ങളിൽ ദീപശിഖയ്ക്ക് സ്വീകരണം സംഘടിപ്പിക്കുകയുണ്ടായി. മുളയം ഹോം ഓഫ് ലൗ, മുള്ളൂർക്കര ബി.എഡ്. മഹാജൂബിലി കോളേജ്, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിങ്ങ് കോളേജ്, തൃശൂർ കാച്ചേരി മൈനർ സെമിനാരി, ചേറൂർ വിയാനി ഭവൻ, നെസ്റ്റ് ഡി അഡക്ഷൻ സെന്റർ ചേറൂർ, തൃശൂർ ആക്ട്സ് തുടങ്ങിയ സ്ഥാപനങ്ങളിൽ ദീപശിഖയ്ക്ക് ഊഷ്മളമായ വരവേല്പ് നൽകി. ഒക്ടോബർ 1 ന് മാർ ആൻഡ്രൂസ് താഴത്തു പിതാവ് പ്രോജ്ജ്വലിപ്പിച്ച ദീപശിഖ വാർഷിക സമ്മേളനത്തിൽ പ്രതിഷ്ഠിക്കുന്നതിനുവേണ്ടി അതിരൂപത ഭാരവാഹികൾക്ക് കൈമാറി. ഡയരക്ടർ അച്ചനും ജനറൽ കൺവീനറും മറ്റു കൺവീനർമാരും എല്ലാവരും സംയുക്തമായി ദീപശിഖ പുത്തൻപള്ളി ഹാളിലേക്ക് ആനയിക്കുകയും ആഘോഷമായി സ്ഥാപിക്കുകയും ചെയ്തു.

6. വാർഷിക സമ്മേളനം

'മദ്യ-ലഹരികളുടെ ഉപയോഗം യുവതലമുറയെ നശിപ്പിക്കുന്നു' എന്ന് കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ കമ്മീഷൻ സംസ്ഥാന ചെയർമാനും കോട്ടപ്പുറം രൂപത മെത്രാനുമായ റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പ്രസ്താവിച്ചു. തൃശൂർ പുത്തൻപള്ളി ബസിലിക്ക ഹാളിൽ കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത സംഘടിപ്പിച്ച 29-ാമത് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പിതാവ്. ബഹു. തൃശൂർ എം.എൽ.എ. ശ്രീ. രാജൻ ജെ. പല്ലൻ പതാക ഉയർത്തിയതോടെ വാർഷിക സമ്മേളനത്തിന് തുടക്കമായി. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് അദ്ധ്യക്ഷനായ യോഗത്തിന് സമിതിയുടെ ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ് ആമുഖപ്രഭാഷകനായത്. സെക്രട്ടറി ശ്രീ. രാജു പാറപ്പുറം സമിതിയുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ബഹു. തൃശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ മുഖ്യാതിഥിയായി. പൗരസ്ത്യ കൽദായ സുറിയാനി മെത്രാപ്പോലീത്ത മാർ ഔഗേൻ കുര്യാക്കോസ് അനുഗ്രഹപ്രഭാഷണം നടത്തി.

ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ, ഡയറക്ടർ
ശ്രീ. ലിന്റോ ഫ്രാൻസിസ്, പി.ആർ.ഒ.



ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ അതിരൂപതാ കമ്മീസിയം മീറ്റിംഗ് Sep. 20 നു പാസ്റ്ററൽ സെന്ററിൽ ലീജിയൻ ഓഫ് മേരിയുടെ ഡയറക്ടറായ റവ. ഫാ. ഇഗ്നേഷ്യസ് നന്തിക്കര അച്ചന്റേയും അതിരൂപതാ പ്രസിഡന്റ് ബ്ര. സണ്ണി കാട്ടൂക്കാരന്റേയും സാന്നിദ്ധ്യത്തിൽ നടന്നു. പ്രാർത്ഥനക്കും അനുശോചനത്തിനും ശേഷം സെക്രട്ടറി റിപ്പോർട്ട് വായിക്കുകയും വൈസ്പ്രസിഡന്റ് ഹാജർ രേഖപ്പെടുത്തുകയും ട്രഷറർ കണക്ക് അവതരിപ്പിക്കുകയും ചെയ്തു. ഒക്ടോബറിൽ അതിരൂപതാ ലീജിയൻ ഓഫ് മേരിയുടെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി എല്ലാ അംഗങ്ങളും അന്നേദിവസം ഹാജരുണ്ടാകണമെന്ന് പ്രസിഡന്റ് ബ്ര. സണ്ണി കാട്ടൂക്കാരൻ യോഗത്തിൽ പറഞ്ഞു. ദൈവവിശ്വാസവും മരിയഭക്തിയുമുള്ളവരും പ്രവർത്തിക്കാൻ ത്യാഗസന്നദ്ധരുമായ ഭാരവാഹികളെ ലഭിക്കുന്നതിനും എല്ലാവരും പ്രാർത്ഥിച്ചു ഒരുങ്ങണമെന്ന് ഡയറക്ടറച്ചൻ ആവശ്യപ്പെട്ടു.

ഫാ. ഇഗ്നേഷ്യസ് നന്തിക്കര, ഡയറക്ടർ
ബ്ര. സണ്ണി കാട്ടൂക്കാരൻ, പ്രസിഡന്റ്



കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

സബ് സോൺ പുന:ക്രമീകരണം.

സബ് സോൺ കോ-ഓർഡിനേറ്റർ: പുതുക്കാട് - പോൾസൺ പി.പി., ഒല്ലൂർ - ആന്റണി കോക്കി, പഴുവിൽ - ടോണി തയ്യാലക്കൽ, പറപ്പൂർ - ജോഷി കെ.ടി., കൊട്ടേക്കാട് - സ്മിജ റോണി, മറ്റം - സാബു കെ.എ. എന്നിവരുടെ നേതൃത്വത്തിൽ 9 പേർ അടങ്ങുന്ന കോർ ടീം തിരഞ്ഞെടുത്തു. പുന:ക്രമീകരണങ്ങൾക്ക് ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ തൃശൂർ സർവ്വീസ് ടീം ഫൊറോന വികാരിമാർ, ആനിമേറ്റർമാർ എന്നിവർ നേതൃത്വം നൽകി.

പെന്തകുസ്ത കൺവെൻഷന് ഒരുക്കമായി നൊവേന പ്രാർത്ഥന 2027 മെയ് 7ന് ആരംഭിച്ച് കൺവെൻഷൻ മെയ് 13, 14, 15 തീയതി

കളിൽ നടത്തുവാൻ തീരുമാനിച്ചു.

സെപ്തംബർ 15ന് സോണൽ സർവ്വീസ് ടീം എക്സിക്യൂട്ടീവ് യോഗം ചേർന്ന് പുന:ക്രമീകരണ നടപടികൾ വിലയിരുത്തി. ഒരു വർഷത്തേക്കുള്ള കർമ്മപരിപാടികൾ തയ്യാറാക്കി.

സെപ്തംബർ 18, 19, 20 തീയതികളിൽ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽനടന്ന ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥന കോൺഫ്രൻസിൽ – PUSH 2026 രൂപതയിൽനിന്നും 5 പ്രതിനിധികൾ പങ്കെടുത്തു.

ബാബു എൻ.വി. & സിന്ധു ബാബു ദമ്പതികളെ കപ്പിൾസ് മിനിസ്ട്രി ട്രഷററായി സെൻട്രൽ മിനിസ്ട്രിയിലേക്കും, വി.എൽ. വർഗ്ഗീസിനെ ജീവജ്വാല സെൻട്രൽ കൗൺസിൽ സെക്രട്ടറിയായും തിരഞ്ഞെടുത്തു.

മുളയം മേരിമാത മേജർ സെമനാരിയിൽ നടന്ന വൈദീകരുടെ ധ്യാനത്തിന് മദ്ധ്യസ്ഥ പ്രാർത്ഥനക്ക് അതിരൂപത കരിസ്മാറ്റിക് കൂട്ടായ്മയുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

ഒക്ടോബർ 7ന് ആബാ ധ്യാനകേന്ദ്രത്തിൽ മിനിസ്ട്രി & സബ് സോൺ കോ-ഓർഡിറ്റർമാരുടെ ഫോർമേഷൻ പ്രോഗ്രാമിന് കെ. സി.എസ്.സി. ഡയറക്ടർ റവ. ഫാ. ജോൺസൺ തൗണ്ടയിൽ, ബ്രദർ ഷാജി വെക്കത്ത്പറമ്പിൽ, ബ്രദർ സാബു എം. വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി. വത്തിക്കാനിലെ കരിസ്മാറ്റിക് നവീകരണത്തിന്റെ അന്തർദേശീയ സേവന സമിതി അംഗമായി സേവനം ചെയ്തുവരുന്ന ഷെവലിയാർ സിറിൾ ജോൺ ഫോർമേഷൻ പ്രോഗ്രാമിൽ പങ്കെടുത്ത് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

2024-2026 കാലഘട്ടത്തിൽ സേവനം ചെയ്ത തൃശൂർ സർവ്വീസ് ടീം അംഗങ്ങൾ, മിനിസ്ട്രി കോ-ഓർഡിനേറ്റർ, സബ് സോൺ കോ-ഓർഡിനേറ്റർ എന്നിവർക്ക് മെമന്റോ നൽകി. പരിശുദ്ധ കുർബാനയോടെ ഫോർമേഷൻ സമാപിച്ചു.

ആബാ ധ്യാനകേന്ദ്രത്തിൽ എല്ലാ ദിവസവും വൈദീകർക്കു വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന നടന്നുകൊണ്ടിരിക്കുന്നു.

ഫാ. റോയ് വേളക്കൊമ്പിൽ
ഡയറക്ടർ

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ തൃശ്ശൂർ സെൻട്രൽ കൗൺസിൽ

സൊസൈറ്റി ഓഫ് സെന്റ്. വിൻസെന്റ് ഡി പോൾ, തൃശ്ശൂർ സെൻട്രൽ കൗൺസിലിന്റെ 78 -ാം വാർഷികവും; വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും, വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റെയും സംയുക്ത തിരുനാളും 4.10.2026 ന് മരത്താക്കര മേരി ഇമ്മാക്കുലേറ്റ് ദൈവാലയത്തിൽ (നോർബർട്ടമ്മ നഗർ) വെച്ച് ആഘോഷിച്ചു. സി.സി. പ്രസിഡണ്ട് ബ്രദർ. കെ. കെ. പോൾസൺ പതാക ഉയർത്തി. മരത്താക്കര കോൺഫ്രൻസ് പ്രസിഡണ്ട് ബ്രദർ. ജോയ് പോൾ കൂനംപ്ലാക്കൽ പ്രാർത്ഥനയും, സി.സി. വൈസ് പ്രസിഡണ്ട് ബ്രദർ. ബിജു വർഗ്ഗീസ് അംഗത്വ പ്രതിജ്ഞയും, ഒല്ലൂർ എ.സി. പ്രസിഡണ്ട് ബ്രദർ. ഷാജു തൊമ്മാന സ്വാഗതവും, സി.സി. വൈസ് പ്രസിഡണ്ട് ബ്രദർ. ടി.യു. ജെയ്സൺ നന്ദിയും പറഞ്ഞു. റവ. ഫാ. ക്ലീറ്റസ് കിഴക്കൂടൻ ക്ലാസ്സ് നയിച്ചു

മരത്താക്കര കോൺഫറൻസ് അംഗങ്ങളുടെ പ്രാർത്ഥനയോടെ ആരംഭിച്ച പൊതുസമ്മേളനത്തിൽ സി.സി. വനിതാ കൺവീനർ സിസ്റ്റർ. റോളി സണ്ണി ജ്ഞാനവായനയും, സി.സി. പ്രസിഡണ്ട് ബ്രദർ. കെ. കെ. പോൾസൺ സ്വാഗതവും, സി.സി. സെക്രട്ടറി സിസ്റ്റർ. റീന ജെയിംസ് റിപ്പോർട്ടും അവതരിപ്പിച്ചു. നാഷണൽ കൗൺസിൽ പ്രസിഡണ്ട് ബ്രദർ. ജൂഡ് Z. R മംഗൾരാജിന്റെ അധ്യക്ഷതയിൽ തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനവും; ജൂബിലിയേറിയന്മാർ, എ.സി. പ്രസിഡണ്ടുമാർ, എന്നിവർക്ക് ആദരവും, ഡയാലിസിസ് ഫണ്ട് സ്വീകരണവും നടത്തി. ഒല്ലൂർ എ.സി. ആദ്ധ്യാത്മികോപദേഷ്ടാവ് വെരി. റവ. ഫാ. വർഗ്ഗീസ് കൂത്തൂർ മുഖ്യപ്രഭാഷണവും, സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. ജിക്സൺ താഴത്ത് അനുഗ്രഹ പ്രഭാഷണവും, മരത്താക്കര കോൺഫ്രൻസ് ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. ജോസഫ് മുരിങ്ങാത്തേരി മത്സര വിജയികൾക്ക് അനുമോദനങ്ങളും, സമ്മാനങ്ങളും നൽകി. നാഷണൽ കൗൺസിൽ മാനേജിംഗ് കമ്മിറ്റിയംഗം ബ്രദർ. ജോസ് ജെ. മഞ്ഞളി, റവ. സിസ്റ്റർ. റെയ്മ ജീസ് FCC, ഇടവക ട്രസ്റ്റി ശ്രീ. ബാബു ചിറയത്ത് എന്നിവർ ആശംസകളും, സി.സി. സീനിയർ വൈസ് പ്രസിഡണ്ട് ബ്രദർ. കെ.

എ. ഷിബു നന്ദിയും നേർന്നു. ബ്രദർ. സി. എസ്. ക്രിസ്റ്റോ, ബ്രദർ. സി. കെ. വിൽസൺ, ബ്രദർ. ഡേവിഡ് ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

റവ. ഫാ. ജിക്സൺ താഴത്ത്
ആദ്ധ്യാത്മീകോപദേഷ്ടാവ്
ബ്രദർ കെ. കെ. പോൾസൺ
പ്രസിഡന്റ്



കെ. എൽ. എം.

1. നേതൃത്വ ശില്പശാല

തൃശ്ശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ നേതൃത്വ ശില്പശാല നടത്തി.

അതിരൂപത ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ് ഉദ്ഘാടനം നിർവഹിച്ചു. അതിരൂപത പ്രസിഡ് ശ്രീമതി മോളി ജോബി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ബേബി വാഴക്കാല സ്വാഗതവും സംസ്ഥാന മേഖലാ സെക്രട്ടറി ബിജു ചിറയത്ത് ആമുഖപ്രസംഗം നടത്തി.

കെ എൽ എം എന്ത് ? എന്തിന് ? എന്ന വിഷയത്തിൽ കെ എൽ എം സംസ്ഥാന പ്രസിഡ് ജോസ് മാത്യു ഊക്കനും, തൊഴിലാളി ഫോറങ്ങൾ, ക്ഷേമനിധികൾ എന്നീ വിഷയത്തിൽ എസ് എൻ ടി യു സംസ്ഥാന പ്രസിഡ് തോമസ് കുരിശിങ്കലും, കെ എൽ എം പ്രസ്ഥാനം രൂപതയിലും, ഫൊറോനയിലും, യൂണിറ്റിലും എങ്ങനെ കൂടുതൽ ശക്തിപ്പെടുത്താം എന്ന വിഷയത്തിൽ സംസ്ഥാന വൈസ് പ്രസിഡ് ഷൈൻ സി യും ക്ലാസ്സുകൾ എടുത്തു.

ഗ്രൂപ്പ് ചർച്ചയ്ക്ക് കെ എൽ എം ഫോറം ജനറൽ കൺവീനർ ഷാജു ആന്റണി നേതൃത്വം നൽകി. സമാപന സന്ദേശം സംസ്ഥാന ഡയറക്ടർ ഫാ. അരുൺ വലിയ താഴത്ത് നിർവഹിച്ചു. ഫ്രൻഞ്ചി ആന്റണി, ശ്രീമതി ബേബി ഡേവിസ് എന്നിവർ സംസാരിച്ചു. അതിരൂപത ഭാരവാഹികൾ പരിപാടിക്ക് നേതൃത്വം നൽകി.

2. തിരഞ്ഞെടുപ്പ്

തൃശ്ശൂർ അതിരൂപത കെ.എൽ.എം ന്റെ 2027-2028 ലേയ്ക്കുള്ള പുതിയ ഭാരവാഹികളുടെ യൂണിറ്റിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുന്നു. ഫൊറോന തിരഞ്ഞെടുപ്പുകൾ നവംബർ

മാസത്തിലും അതിരൂപത തിരഞ്ഞെടുപ്പ് ഡിസംബർ 13-ാം തിയ്യതി നടത്തുന്നു. തിരഞ്ഞെടുപ്പിന്റെ സുഖമമായ നടത്തിപ്പിനുവേണ്ടി ഡയറക്ടർ ഫാ. പോൾ മാളിയമ്മാവിന്റെ നേതൃത്വത്തിൽ ഷാജു ആന്റണി, ജോയ് മാളിയേക്കൽ ഓഫീസ് സെക്രട്ടറി അൻഡ്രൂസ് ജോൺ. എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി പ്രവർത്തിച്ചു വരുന്നു.

3. യൂണിറ്റ് രൂപീകരണം

കശാങ്കടവ് ഫൊറോനയിലെ വടക്കേ കാരമുക്ക് ഇടവകയിൽ 4.10.2026നും കശങ്കടവ് ഇടവകയിൽ 11.10.2026 നും രൂപത ഫൊറോന ാരവാഹികളുടെ നേതൃത്വത്തിൽ കെ എൽ എം യൂണിറ്റ് രൂപീകൃതമായി.

ഫാ. പോൾ മാളിയമ്മാവ്
ഡയറക്ടർ

ദർശനസഭാ സമൂഹം

തൃശൂർ അതിരൂപത ദർശനസ ാ സമൂഹത്തിന്റെ ഓഫീസ് ഉദ്ഘാടനവും ജനറൽ ബോഡിയോഗവും 20.09.2026 ഞായറാഴ്ച രാവിലെ 10 മണിക്ക് കാത്തലിക് പാസ്റ്ററൽ സെന്ററിൽ നടന്നു. ദർശനസ ാ സമൂഹം തൃശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. പോൾസൺ പാലത്തിങ്കൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് തൃശൂർ രൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ 2026-2029 കാലയളവിലേയ്ക്കുള്ള ാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേറ്റു. അതിരൂപത ദർശനസ ാ സമൂഹത്തിന്റെ 2026-2029 കാലഘട്ടത്തിലെ ാരവാഹികളായി പ്രസിഡണ്ട് ജോഷി മണാലി (എരുമപ്പെട്ടി), സെക്രട്ടറി ജോബി മുള്ളക്കര (പുതുക്കാട്), ട്രഷറർ ഹെൻട്രി ലൂക്കോസ് എം. (തിരൂർ), വൈസ് പ്രസിഡണ്ടുമാരായി ടോമി തോലത്ത് (ഏനമാവ്), വിൻസെന്റ് ചിറ്റിലപ്പിള്ളി (കുരിയച്ചിറ), ജോയിന്റ് സെക്രട്ടറിമാരായി ചാർളി ആളൂർ (തിരൂർ), ഡേവീസ് ചീരൻ (കോട്ടപ്പടി), ജോയിന്റ് ട്രഷറർമാരായി ആൻസ് ആന്റോ ചുങ്കത്ത് (വരാക്കര സൗത്ത്), വിൽസൻ ആറ്റുപുറം (കല്ലൂർ ഈസ്റ്റ്) ഐ.ടി കൺവീനറായി ജോയ് കിടങ്ങൻ (പുതുക്കാട്) എന്നിവർ ചുമതലയേറ്റു.

ഫാ. പോൾസൺ പാലത്തിങ്കൽ
ഡയറക്ടർ

അതിരൂപത സി.എൽ.സി

അതിരൂപത സി.എൽ.സിയുടെ നേതൃത്വത്തിൽ സോക്കർ കപ്പ് സീസൺ 10 തൃശൂർ തോപ്പ് സ്റ്റേഡിയത്തിൽ ഓഗസ്റ്റ് 27,28,29 തിയ്യതികളിലായി നടത്തി. പള്ളിക്കുന്ന് സി.എൽ.സി ചാമ്പ്യന്മാരായി. നന്തിപുലം (S) സി.എൽ.സി റണ്ണർ അപ്പ് ആയി. 3-ാം സ്ഥാനം അവിണിശ്ശേരി സി.എൽ.സി കരസ്ഥമാക്കി. ആകെ 48 ടീമുകൾ പങ്കെടുത്തു. വിജയികൾക്ക് ക്യാഷ് പ്രൈസും ട്രോഫിയും വിതരണം ചെയ്തു. സോക്കർ കപ്പ് ചെയർമാൻ റവ. ഫാ. ജിയോ ചിരിയങ്കണ്ടത്ത്, കൺവീനർ ക്ലിന്റോ ജോസ്, സാംസൺ ജോസ്, അതിരൂപത സി.എൽ.സി എക്സിക്യൂട്ടീവ് അംഗങ്ങളും നേതൃത്വം നൽകി.

തൃശൂർ അതിരൂപത സി.എൽ.സിയുടെ നേതൃത്വത്തിൽ യുവാക്കളുടെ കായികമികവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി IGNITE കായികോത്സവം ഓഗസ്റ്റ് 29 നു തൃശൂർ തോപ്പ് സ്റ്റേഡിയത്തിൽ വെച്ചു നടത്തി. കൊട്ടേക്കാട് ഫൊറോന സി.എൽ.സി ഓവറോൾ ചാമ്പ്യന്മാരായി. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം പുതുക്കാട് ഫൊറോനായും കണ്ടശ്ശാംകടവ് ഫൊറോനായും നേടി. കൺവീനർ അലക്സ് ജോസ്, ജോ.കൺവീനർ അതുല്യ വിനു, അതിരൂപത സി.എൽ.സി എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

മരിയോത്സവം

സാഹിത്യമത്സരം തൃശ്ശൂർ സെന്റ് തോമസ് കോളേജിലും കലാമത്സരം നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ CGHSലും നടന്നു. ഒല്ലൂർ,ലൂർദ് ഫൊറോനകൾ ഒന്നാം സ്ഥാനം പങ്കിട്ടു. രണ്ടാം സ്ഥാനം പാലയൂർ ഫൊറോനയും മൂന്നാം സ്ഥാനം ബസിലിക്ക ഫൊറോനയും കരസ്ഥമാക്കി. പ്രമോട്ടർ റവ. ഫാ ഫ്രജോ വാഴപ്പിള്ളി, അസി. പ്രമോട്ടർമാരായ ഫാ. സെബി വെളിയൻ, ഫാ. സന്തോഷ് അന്തിക്കാട്ട്, സാഹിത്യമത്സരം ചെയർമാൻ ഫാ.ജിജോ തറയിൽ, കലാമത്സരം ചെയർമാൻ ഫാ.ജീസ്മോൻ ചെമ്മണ്ണൂർ, അതിരൂപത സി.എൽ.സി പ്രസിഡന്റ് ഗ്ലോറിൻ ജോയ്, മരിയോത്സവം കൺവീനർ അജയ്.സി ജോസ്, ജോ.കൺവീനർമാരായ ആൻ തെരേസ, ആൻറോസ്, അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ഫാ. ഫ്രജോ വാഴപ്പിള്ളി, ഡയറക്ടർ

ഫാ. സന്തോഷ് അന്തിക്കാട്ട്, അസി. ഡയറക്ടർ

പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ പത്താം യോഗറിപ്പോർട്ട്

19-ാം പാസ്റ്ററൽ കൗൺസിലിന്റെ പത്താം യോഗം 2026 സെപ്തംബർ 12 ശനിയാഴ്ച അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തപ്പെട്ടു. രാവിലെ 9:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീമതി എൽസി വിൻസെന്റ് റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസ്സാക്കി. ജനറൽ സെക്രട്ടറി ഫാ. ഡൊമിനിക് തലക്കോടൻ യോഗനടപടികൾ വിശദീകരിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗത്തിൽ അധ്യക്ഷനായിരുന്നു.

തുടർന്ന്, 'വയോജനപരിപാലനം-സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തെ അധികരിച്ച് ഡോ. സിജു ജോസ് കൂനൻ, ഡോ. പീറ്റർ എം. രാജ് എന്നിവർ ക്ലാസ്സ് നയിച്ചു. ആരോഗ്യകരമായ വാർദ്ധക്യത്തിന് ശാരീരിക ആരോഗ്യവും മാനസിക ആരോഗ്യവും ആവശ്യമാണ്. മുതിർന്നവർക്കായുള്ള Geriatric Department മിക്ക നല്ല ആശുപത്രികളിലും ഉണ്ട്. കൃത്യമായ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും വാർദ്ധക്യത്തിന്റെ കടന്നാക്രമണങ്ങളിൽ നിന്ന് ഒരുപരിധി വരെ വിമുക്തമാക്കുമെന്ന് അവതാരകൻ വ്യക്തമാക്കി. വാർദ്ധക്യത്തെ കുറിച്ചുള്ള ശരിയായ ബോധ്യവും തെറ്റായ ധാരണകളും തിരിച്ചറിയേണ്ടതുണ്ട്. കാൽസ്യം, വിറ്റമിനുകൾ തുടങ്ങിയവയുടെ കുറവ് ശ്രദ്ധിക്കണം. മുടങ്ങാതെയുള്ള വ്യായാമം, കൃത്യമായ ഉറക്കം, ദന്തപരിചരണം, വെള്ളം കുടിക്കൽ തുടങ്ങി വാർദ്ധക്യത്തിൽ ശ്രദ്ധിക്കേണ്ട വിവിധ കാര്യങ്ങൾ വിശദീകരിച്ചു. Ease dementia Clinic- ലെ ഡോ. ജോ, Miss പ്രിയ തുടങ്ങിയവർ വയോജന പരിപാലനത്തിന്റെ വിവിധ മേഖലകളെ കുറിച്ചു സംസാരിച്ചു.

ഇടവേളക്കുശേഷം ഈ വിഷയത്തെ അധികരിച്ചു നടന്ന ചർച്ചകൾക്ക് അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് നേതൃത്വം നൽകി. വയോജനങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെപറ്റി അംഗങ്ങൾ ചൂണ്ടികാട്ടി. സാധിക്കാവുന്ന ഇടവകകളിൽ പകൽവീടുകൾ തുടങ്ങുക, ഇടവകതലത്തിൽ വയോജനങ്ങൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക, മുതിർന്ന പൗരന്മാരെ ശുശ്രൂഷിക്കുന്ന സമയം ടൈം ബാങ്ക് ആയി ആവശ്യമുള്ള സമയത്ത് ആ ശുശ്രൂഷ തിരിച്ചു വാങ്ങുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉണ്ടായി.

പുതിയ സർക്കാർ തുടങ്ങിയ വയോജന കമ്മീഷൻ പ്രതീക്ഷയ്ക്കു വക നൽകുന്നതായി അഭിപ്രായപ്പെട്ടു. ക്ലാസ്സ് എടുത്തവർക്ക് അമല മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ബെറ്റ്സി തോമസ് നന്ദി രേഖപ്പെടുത്തി.

തുടർന്ന് ഫൊറോനതല ചർച്ചകളുടെ റിപ്പോർട്ടുകൾ ഫൊറോന കൗൺസിൽ സെക്രട്ടറിമാരായ ശ്രീ. എ. എ. ആന്റണി (പഴുവിൽ), ശ്രീ, ജോയ് എം. മണ്ണൂർ (ലൂർദ്ദ്), അഡ്വ. ഡേവിസ് കണ്ണൂക്കാടൻ (പുത്തൂർ), ശ്രീ. ഈപ്പൻ കരിയാറ്റിൽ (പുതുക്കാട്) എന്നിവർ അവതരിപ്പിച്ചു. മറ്റു ഫൊറോനകളുടെ സമാഹരിച്ച റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ അജണ്ട കമ്മറ്റിയംഗമായ ശ്രീ. എ. ഡി. ഷാജു അവതരിപ്പിച്ചു.

വികാരി ജനറാൾ മോൺ. ജോസ് കോനിക്കര അറിയിപ്പുകൾ നൽകി. സീറോ മലബാർ സഭാതാരമായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ, സന്തോഷ് കരുമത്രയെ അഭിനന്ദിച്ചു. അത്മായ പ്രേഷിത മുന്നേറ്റത്തിനെ ഏകോപിപ്പിക്കുന്ന ജീവൻ ജ്യോതി എല്ലാ രൂപ തകളിലും ആരംഭിക്കേണ്ടതാണ് എന്ന മേജർ ആർച്ച്ബിഷപ്പിന്റെ ആഹ്വാനം ഓർമ്മിപ്പിച്ചു. അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ ചരമവാർഷികം സെപ്തംബർ 17ന് കോഴിക്കോട്ടു വച്ചും 18ന് തൃശ്ശൂർ അതിരൂപതയിലും നടത്തുന്നതായി അറിയിച്ചു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി നവംബർ 30ന് ആഘോഷിക്കുന്നതിനായി എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും പ്രത്യേകമായി ക്ഷണിച്ചു. അടുത്ത പാസ്റ്ററൽ കൗൺസിൽ യോഗവും അവാർഡ് ഡേയും ഡിസംബർ 12ന് നടത്തപ്പെടുന്ന കാര്യവും അറിയിച്ചു. ഫാ. ജിയോ തെക്കിനിയത്ത് ദീപിക ദിനപത്രത്തിന്റെ പ്രചാരണ യജ്ഞത്തെ പറ്റി വിശദീകരിച്ചു.

അധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ്, ജസ്റ്റിസ് ജെ. ബി, കോശി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പിലാക്കാനുള്ള ക്രമീകരണങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് ചൂണ്ടികാട്ടി. UNA നടത്തിയ സമരത്തിൽ രൂപ തയോടൊപ്പം നിന്ന് സഹകരിച്ച ഏവർക്കും അഭിവന്ദ്യപിതാവ് നന്ദി പറഞ്ഞു. കുറഞ്ഞ ചെലവിൽ വിദഗ്ധ ചികിത്സ ലഭിക്കുന്ന ജൂബിലി ആശുപത്രിയിൽ ഒരേസമയം 40 പേർക്ക് ഡയാലിസിസ് നടത്താവുന്നതാണ്. വയോജന പരിപാലനത്തെ കുറിച്ച് ഒരു ഇടയലേഖനം ഇറക്കുന്നതാണ്. ഫാമിലി അപ്പസ്തോലേറ്റിന്റെ കീഴിൽ വയോജനങ്ങൾക്കായുള്ള ഒരു സംഘടന തുടങ്ങും. ഇത്തവണത്തെ ബൊൻ നത്താലെ ഗംഭീരമാക്കാൻ അഭിവന്ദ്യ

പിതാവ് ആഹ്വാനം ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവിന്റെ നേതൃത്വത്തിൽ മിഷൻ പ്രവർത്തനമേഖല കൂടുതൽ സജീവമാക്കാൻ സാധിച്ചിട്ടുണ്ടെന്നും 90ഓളം പള്ളികളിൽ പാക്ടിന്റെ പ്രവർത്തനം നടക്കുന്നുണ്ടെന്നും സംഘടനകൾക്കായുള്ള വാർഷിക അജപാലന പദ്ധതി ഏകോപിപ്പിച്ച് അത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നും അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു.


പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ യോഗത്തിന് നന്ദി പറഞ്ഞു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സമാപനാശീർവാദത്തോടെ യോഗം ഉച്ചക്ക് 1:30ന് സമാപിച്ചു.

ഫാ. ഡൊമിനിക് തലക്കോടൻ
ചാൻസലർ & ജനറൽ സെക്രട്ടറി

തൃശൂർ അതിരൂപത മാധ്യമ ദിനം
നവംബർ 28 ശനിയാഴ്ച

തൃശ്ശൂർ അതിരൂപത മാധ്യമ ദിനം നവംബർ 28 ശനിയാഴ്ച തൃശ്ശൂർ സെന്റ് തോമസ് മെഡിലിക്കോട്ട് ഹാളിൽ വച്ച് ഉച്ചകഴിഞ്ഞ് 2. 30ന് നടക്കും. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യും. അതിരൂപ തസഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിക്കും.

മാധ്യമ ദിനസമ്മേളനത്തിൽ വെച്ച് തൃശ്ശൂർ അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യും.



മിശിഹായുടെ രാജത്വതിരുനാൾ

22.11.2026



നവീകരിച്ച കാവീട് പള്ളിയുടെ മദ്ബഹ

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.10.2026
November - 2026



SACERDOTAL GOLDEN JUBILEE CELEBRATION

30th November 2026, Monday
Lourdes' Metropolitan Cathedral, Thrissur

നവംബർ 30ന് പൗരോഹിത്യ സുവർണ ജൂബിലിയും
നാമഹേതുക തിരുനാളും ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്
തൃശ്ശൂർ അതിരൂപത മക്കളുടെ പ്രാർത്ഥനാശംസകൾ

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor